KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 33 / Issue: 3 March 2022 ₹ :10/-



മോശയുമേലിയാവും നാല്പതുദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു ആകൽക്കറുസായെ ജയിച്ചു

# വേർപാടിന്റെ 2 – ാം വാർഷികം

06 – 04 – 2022



# സെനി ചാക്കോ

**കണ്ടല്ലൂമണ്ണിൽ, ഇരവിപേരൂർ**

**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# ക്നാനായ ദീപം

SINCE 1989

2022 മാർച്ച് പുസ്തകം 33 ലക്കം 3

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ഇനിയും എങ്ങോട്ട് 08
സിസി ബാബു

ആത്മവിശ്വാസം വിജയത്തിന്റെ അടിത്തറ 09
റ്റി.സി. തോമസ് തോപ്പിൽ

Career-വലിയ ലക്ഷ്യങ്ങൾ മാത്രം പോരാ 15
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ

ഇസ്ക്കരിയോത്താ യൂദാസിന്റെ ദാരുണ അന്ത്യം 19
ടോമി കുറിച്ചി

കൊഹനെ ഞായർ 21
ലീലാമ്മ ഏബ്രഹാം പാലക്കുടി

കൊറോണയെന്ന ദുഷ്ടപിശാച് 22
അനിയച്ചൻ അറയ്ക്കൽ

ഏവൻഗേലിയോൻ ദീപം 23
ഫാ. ബിൻസു ഏബ്രഹാം വരാച്ചേരിൽ

പൗരാണിക അപ്പോസ്തോലിക... 25
റ്റി.എം. തോമസ് കൊച്ചുപുരയ്ക്കൽ

26 മല്പാനോടു ചോദിക്കാം

39 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

40 സ്പോക്കൺ ഇംഗ്ലീഷ്
കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

42 ക്നാനായ വിദ്യാർത്ഥി പ്രസ്ഥാനം
പ്രൊഫ. പി.കെ.സ്കറിയാ കുന്നത്തിൽ

43 കാൽപ്പാടുകൾ
എബി

44 സ്നേഹനിധിയായ അച്ചൻ മാഷ്
ഫാ. മാത്യു കവിരായിൽ, ഫാ. ടിനോ തോമസ് മടത്തുമണ്ണിൽ

45 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**അനുദിനം ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിലെ സാമൂഹ്യ വ്യവസ്ഥിതിക്കൊപ്പം ഓരോ തലമുറയുടെയും വീക്ഷണഗതിക്കും പരിവർത്തനം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ, യുവതലമുറ നിങ്ങളുടെ പ്രായം ചെന്ന തലമുറക്കാരെപ്പോലെ വർത്തിക്കണമെന്നു വിചാരിക്കുന്നത് മൗഢ്യമാണ്.**

കർത്താവിൽ പ്രിയരെ,

ഭരണഘടനാനുസൃതം ഭാരതം ഒരു മതേതര രാഷ്ട്ര മാണ്. ഭരണകക്ഷികൾ അങ്ങനെ പറയാറുമുണ്ട്. എന്നാൽ മതേതരത്വം ഏട്ടിലെ പശുവാണ്. ആശയപ്രകടന സ്വാതന്ത്ര്യം പോലും ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയിരിക്കു കയാണിവിടെ. ആസ്സാമിലും ഒറീസ്സയിലും ക്രൈസ്തവരുടെ പ്രേക്ഷിതരെ ആക്രമിച്ചിട്ടുള്ളതും പല മിഷനറിമാരും കൊല ചെയ്യപ്പെട്ടിട്ടുള്ളതും, അതിനെതിരെ ഭരണകക്ഷി പക്ഷത്തു നിന്നും യാതൊരു നീക്കവും ഉണ്ടാകാത്തതും ഇൻഡ്യ ഒരു മതേതര രാഷ്ട്രമല്ലെന്ന് വ്യക്തമാക്കുന്നു. ഹരിജനും ഗിരി ജനും സർക്കാർ ആനുകൂല്യങ്ങൾ, അതെ ഹരിജനും ഗിരി ജനും ക്രിസ്ത്യാനിയായാൽ അവനതിനർഹനല്ല. ഇതെ ന്തൊരു മതേതരത്വം. ഇവർ ഇൻഡ്യൻ പൗരന്മാരല്ലേ? ആർക്കും ഏതു മതവും വിശ്വസിക്കാൻ സ്വാതന്ത്ര്യമില്ലേ. ഉത്തരഇൻഡ്യയിൽ പല സ്ഥലത്തും പീഡനങ്ങൾ നടമാടു കയാണ്. കന്നുകാലികളിലും അധഃപതിച്ച അടിമകളായിട്ട ല്ലേ ഹരിജനങ്ങൾ അവിടെ കഴിയുന്നത്. അവരുടെ തരുണി മാർ ബലാൽസംഗം ചെയ്യപ്പെടുന്നതും, മിണ്ടിയാൽ ഗ്രാമ ത്തോടെ ചുട്ടുകൊല്ലുന്നതും അതിനെക്കുറിച്ച് ബാഹ്യലോകം അറിയാതിരിക്കാൻ മാധ്യമങ്ങളുടെ വായ് മൂടുന്നതുമല്ലേ ഇവി ടുത്തെ മതേതരത്വം. അവർക്ക് വിദ്യാഭ്യാസവും വെളിച്ചവും നൽകുന്നതല്ലേ ക്രിസ്ത്യാനികളോടുള്ള വിരോധം. ഇൻഡ്യ യിലെ ഏറ്റം കുറഞ്ഞ ന്യൂനപക്ഷം ക്രിസ്ത്യാനികളാണ്. മുസ്ലീങ്ങൾക്ക് എതിരെ ആയുധമെടുത്താൽ മുസ്ലീം രാജ്യ ങ്ങൾ അടങ്ങിയിരിക്കുകയില്ലെന്നറിയാം. പ്രത്യേകിച്ച് ഇതി പ്പോൾ പറയാൻ കാരണം കഴിഞ്ഞമാസം കോഴിക്കോട്ട് ബിന്ദു അമ്മിണി എന്ന വനിത ഒരു ഹിന്ദു തീവ്ര പക്ഷക്കാ രനാൽ പൊതു സ്ഥലത്ത് അതിഭീകരമായി കയ്യേറ്റം ചെയ്യ പ്പെടുന്നത് എല്ലാം കണ്ടിരിക്കാനിടയായതിന്റെ വെളിച്ചത്തി ലാണ്. മതേതരത്വത്തിനേൽക്കുന്ന പരിക്കുകളെപ്പറ്റി ഏറെ വ്യാകുലരാണ് നാം. ഭിന്ന മതങ്ങളിൽ നിലനിന്നുകൊണ്ട് തന്നെ എല്ലാ ഊഷ്മളതയോടെയും മതേതരായിരിക്കാൻ സാധിക്കുമെന്ന് ദശകങ്ങളിലൂടെ നാം ജീവിച്ചുതെളിയിച്ചിട്ടു ണ്ട്. അവരവരുടെ വിശ്വാസത്തെ, മതത്തെ ഒരു സ്വകാര്യാ നുഭവമാക്കി നിലനിർത്തിക്കൊണ്ടാണ് അവരതു അനായാ സേന സാധ്യമാക്കിയതും. മതം ഒരു സ്വകാര്യാനുഭവമായി നിലനിർത്തി സാമുദായിക നവോത്ഥാനത്തിൽ ഏർപ്പെട്ട ചരി ത്രമുണ്ട് കേരളത്തിലെ ക്രൈസ്തവ സഭകൾക്ക്. അത് സഹോദര സമുദായങ്ങളിലേക്ക് പടർത്താനും അവർക്കാ യിട്ടുണ്ട്. ക്രിസ്ത്യൻ പുരോഹിതന്മാരുടെ വിദ്യാഭ്യാസ സംരംഭങ്ങൾ ഇല്ലായിരുന്നുവെങ്കിൽ കേരളത്തിലെ ദലിത് ഉയിർത്തെഴുന്നേല്പും കേരളീയ നവോത്ഥാനവും ഇനിയും ഏറെ വൈകിപ്പോയേനേ എന്നുള്ളതല്ലേ വാസ്തവം. എന്നാൽ ക്രിസ്തീയ മേലദ്ധ്യക്ഷന്മാരിൽ ചിലർ തികച്ചും തങ്ങളുടെ ഇടയിൽ വിഭാഗീയതയുണർത്തുന്ന പ്രസ്താവ നകൾ ഉതിർത്തുകൊണ്ട് സമൂഹത്തെ നശിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. ഇവരുടെ പ്രസ്താവനകൾ അവഗണിച്ചു കളയുവാനുള്ള മാനസിക ഉയർച്ച നാം പ്രാപിക്കേണ്ടിരിക്കു ന്നു. എന്നാൽ മാത്രമേ നമുക്ക് സമൂഹമായി വളരാനും ഉയ രാനും സാധിക്കുകയുള്ളു. ഞങ്ങളുടെ കക്ഷികൾ മാത്ര മാണ് നല്ലതെന്നും അവരുടെ പ്രാർത്ഥന മാത്രമെ ദൈവം കേൾക്കുകയുള്ളൂ എന്നും ഞങ്ങൾ വാഴ്ത്തുന്ന അപ്പവും വീഞ്ഞും മാത്രമേ യേശുവിന്റെ ശരീരക്തങ്ങൾ ആകുക യുള്ളു എന്നും മറ്റും പഠിപ്പിക്കുന്നത് 16 നൂറ്റാണ്ടിൽ മുമ്പു ള്ളവർ വിശ്വസിക്കുമായിരിക്കും, എന്നാൽ എല്ലാവരുടെയും ദൈവം ഒരുവൻ മാത്രമാണെന്നും എല്ലാവരുടേയും ശുശ്രൂ ഷകൾ ദൈവം സ്വീകരിച്ച് അനുഗ്രഹിക്കുമെന്നും വിവേക മുള്ള ഇപ്പോഴത്തെ തലമുറയ്ക്കറിയാം. സഭയിലെ തീവ്രവിശ്വാസത്തിന്റെ തലത്തിലേക്ക് ഉയർത്താതെ തന്നെ സമുദായോദ്ധാരണത്തിനും വിദ്യാഭ്യാസ-സാമ്പത്തിക പുരോഗതിക്കുംവേണ്ടി പരിശ്രമിച്ച് ഒരു ശുഭഭാവി ഉണ്ടാകു വാൻ തക്കവണ്ണം നമുക്ക് പ്രയത്നിക്കാം. അനുദിനം ദ്രുത ഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിലെ സാമൂഹ്യ വ്യവസ്ഥിതിക്കൊപ്പം ഓരോ തലമുറയുടെയും വീക്ഷണഗ തിക്കും പരിവർത്തനം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ, യുവതലമുറ നിങ്ങളുടെ പ്രായം ചെന്ന തലമുറക്കാരേ പ്പോലെ വർത്തിക്കണമെന്നു വിചാരിക്കുന്നത് മൗഢ്യമാണ്. അടിസ്ഥാനപരമായി ചിന്തിക്കുമ്പോൾ മനുഷ്യൻ പൊതുവെ നല്ലവനാണ്. അതിനാൽ നന്മയെ എപ്പോഴും വിലമതിക്കു ക. ശത്രുക്കളോടു സ്നേഹമായും ദയയോടും പെരുമാറു ക. ഹ്രസ്വമായ ഈ ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന സുവർണ്ണാവസരങ്ങൾ പാഴാക്കുന്നത് ഏറ്റവും വലിയ അപ രാധമാകുന്നു. അനുസരിക്കാൻ പഠിക്കണം. അപ്പോൾ അധി കാരം കൈകാര്യം ചെയ്യാൻ നിങ്ങൾക്ക് കരുത്തുണ്ടാകും. ഒരു നല്ല ദാസനായിരിക്കാൻ ശ്രമിക്കുക. അപ്പോൾ നിങ്ങൾ ഒരു നല്ല യജമാനനായിത്തീരും. കൂടിയ അളവിൽ കൊടു ക്കാനും കുറഞ്ഞ തോതിൽ കിട്ടാനും നിങ്ങൾക്ക് ഇടയാ യാലും മനസ്താപപ്പെടരുത്. ഈശ്വരവിചാരം സദാ ഉണ്ടാ യിരിക്കണം. ദൈവത്തെ ഭയപ്പെടണം. ഇതു നിങ്ങളുടെ മനുഷ്യ സേവനത്തിനുള്ള ശക്തിയും പ്രചോദനവും വർദ്ധി പ്പിക്കും.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ അനുഗ്രഹീതരേ,

സഭാ പിതാവായ വിശുദ്ധ ജോൺ ക്രിസോസ്റ്റം ഇപ്രകാരം പറഞ്ഞു "നമുക്ക് നമ്മെത്തന്നെ സ്നേഹിക്കുവാൻ കഴിയുന്നതിനേക്കാൾ കൂടുതലായി ദൈവം നമ്മെ സ്നേഹിക്കുന്നുവെന്ന്". മനുഷ്യമക്കളായ നമ്മളോരോരുത്തരോടും സ്നേഹനിധിയായ സ്വർഗ്ഗീയ പിതാവ് ഇപ്രകാരം പറയുന്നു. "നിത്യസ്നേഹത്തോടെ ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന്" (ഏറമിയാ 31:3) മനുഷ്യരക്ഷ സാധ്യമാക്കിയ നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെയും, കുരിശുമരണത്തിന്റേയും, പുനരുത്ഥാനത്തിന്റേയും സ്മരണയെ നമ്മൾ ധ്യാനിക്കുന്നു.

ഈ വലിയ നോമ്പിന്റെ സമയങ്ങളിൽ എത്ര വലിയ സ്നേഹമാണ് മാനവവംശത്തോട് ദൈവം കാണിക്കുന്നതെന്ന് നമുക്ക് മനസ്സിലാവും. ഭൂമിയിൽ ആദ്യമായി നമ്മെ സ്നേഹിച്ചത് ഒരു പക്ഷേ നമ്മുടെ മാതാപിതാക്കളാണ്. നമ്മെ അറിയുവാൻ തുടങ്ങിയപ്പോൾ മാത്രമാണ് അവർ നമ്മെ സ്നേഹിക്കുവാൻ തുടങ്ങിയത് എന്നാൽ ദൈവം, നാം ഉരുവാകുന്നതിനു മുമ്പേ അതെ, ലോകസൃഷ്ടിക്കുമുമ്പേ നമ്മെ സ്നേഹിച്ചു. തിരുവചനത്തിൽ നമ്മൾ വായിക്കുന്നു. "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പുതന്നെ ഞാൻ നിന്നെ അറിഞ്ഞു. നീ ഗർഭപാത്രത്തിൽനിന്നും പുറത്തുവരുന്നതിനു മുമ്പു തന്നെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു" (ഏറമിയ 1:5). "ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു" (ഗലാ 1:15).

യേശു തമ്പുരാൻ അസഹനീയമായ വേദനകൾ സഹിച്ച് കുരിശുമരണത്തിലൂടെ സ്വന്തം ജീവൻ പാപികളായ നമുക്കുവേണ്ടി വെടിഞ്ഞു. ഇതിലുപരിയായി നമ്മുടെ കർത്താവിന് നമ്മോടുള്ള സ്നേഹം എങ്ങനെ തെളിയിക്കാൻ സാധിക്കും? യേശുതമ്പുരാൻ നമ്മോടു പറയുന്നു "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല' (യോഹ.15:13).

ഏതാനും വർഷങ്ങൾക്കു മുമ്പ് അമേരിക്കൻ ടെലിവിഷനിൽ ഒരു ആധുനിക ധൂർത്തപുത്രന്റെ കഥ പ്രദർശിപ്പിക്കുകയുണ്ടായി. പിതാവിന്റെ സ്വത്തിന്റെ ഓഹരിയെല്ലാം ധൂർത്തടിച്ച് ജീവിച്ച് അവസാനം സ്വന്തം വീട്ടിലേക്കുതന്നെ തിരിച്ചു വരുവാൻ മകൻ തീരുമാനിച്ചു അയാൾ തന്റെ പിതാവിനെ ഇപ്രകാരം അറിയിച്ചു. അടുത്ത ദിവസം ഞാൻ നമ്മുടെ വഴിയിൽക്കൂടെ കടന്നുപോകും എന്നെ സ്വീകരിക്കുവാൻ തയ്യാറുണ്ടെങ്കിൽ വീടിന്റെ മുൻവശത്തുള്ള മരത്തിൽ ഒരു ചുവന്ന റിബൺ കെട്ടണം. റിബൺ കണ്ടാൽ ഞാൻ വീട്ടിൽ കയറും ഇല്ലെങ്കിൽ തിരിച്ചുപോകും. പറഞ്ഞിരുന്നതുപോലെ അയാൾ ആ വഴിയെ കടന്നുവന്നു, അയാൾക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കുവാൻ സാധിച്ചില്ല. ഒരു റിബണിനു പകരം ആ മരം നിറയെ റിബണുകൾ.

ചിന്താമഗ്നനായി നിന്ന അയാളെ ആ പിതാവ് ഓടിവന്ന് കെട്ടിപ്പിടിച്ച് ഉമ്മവച്ചു. ആ മകൻ തന്റെ പിതാവിനോട് ചോദിച്ചു "അപ്പാ ഞാൻ ഒരു റിബൺ കെട്ടുവാനല്ലെ പറഞ്ഞത് എന്തുകൊണ്ടാണ് അങ്ങ് മരം മുഴുവൻ റിബൺ കെട്ടിയത്"? ആ പിതാവ് മറുപടി നൽകി 'വാത്സല്യ മകനെ, ഈ മരം മുഴുവൻ റിബൺ കെട്ടുവാൻ കാരണം ഇതാണ് ഒരു റിബൺ മാത്രമാണ് ഞാൻ കെട്ടുന്നതെങ്കിൽ ഒരു പക്ഷേ നീ അതു കാണാതെ പോകാം. അങ്ങനെ സംഭവിച്ചാൽ എന്റെ ഹൃദയം നിറയെ നിന്നോടുള്ള സ്നേഹവും നീ കാണാതെ പോകും, മാത്രമല്ല നീണ്ട നാളത്തെ നിനക്കു വേണ്ടിയുള്ള എന്റെ കാത്തിരിപ്പും പാഴായിപ്പോകും, ഒടുവിൽ എന്റെ മകനും എനിക്ക് നഷ്ടപ്പെടും. അതെനിക്കും സഹിക്കാനാവില്ല.

ഈ മനോഹരമായ കഥയിലെ മകന്റെ തിരിച്ചു വരവിനായി കാത്തിരിക്കുന്ന പിതാവിനെപ്പോലെ തന്നെയാണ് നമ്മോടുള്ള സ്നേഹത്തിന്റെ കാര്യത്തിൽ നമ്മുടെ സ്വർഗ്ഗീയ പിതാവും. വി. ഗ്രന്ഥം നമ്മെ ഓർമ്മപ്പെടുത്തുന്നു. "കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല, അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്" (വിലാ. 3:22).

വിശുദ്ധ പൗലോസ് പറയുന്നു. ''ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു" (2 കോരി. 5:14) മാനവവംശത്തോടുള്ള നമ്മൾ ഓരോരുത്തരോടുമുള്ള സ്നേഹംകൊണ്ട് ദൈവം തന്നെത്തന്നെ നമുക്ക് നൽകി, തന്റെ സ്നേഹം വെളിപ്പെടുത്തി. നമ്മുടെ രക്ഷയ്ക്കായി സ്വയം ബലിയായി സമർപ്പിക്കുകയും ചെയ്തു. ഈ സ്നേഹം തന്നെയായ ദൈവത്തിനു പ്രത്യുത്തരം നമ്മൾ നൽകേണ്ടതുണ്ട്.

എപ്രകാരമാണ് നമ്മൾ പ്രതിസ്നേഹം കാണിക്കേണ്ടത് എന്ന് അപ്പോസ്തോലൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. "ജീവിക്കുന്നവൻ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടുന്ന് എല്ലാവർക്കും വേണ്ടി മരിച്ചത്" (2 കോരി. 5:15). വിശുദ്ധർ എല്ലാം ഇതിനോട് സമ്പൂർണ്ണമായി അനുരൂപപ്പെട്ടു. തങ്ങൾക്കുവേണ്ടി സഹിക്കാനും മരിക്കാനും കർത്താവിനെ പ്രേരിപ്പിച്ച

*(ശേഷം പേജ് 8-ൽ)*



# സമുദായ വാർത്തകൾ

റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

പേത്തൂർത്തോ ഞായറാഴ്ചയും കഴിഞ്ഞു ശുദ്ധമുള്ള വലിയ നോമ്പിലേക്കു നമ്മളെല്ലാം കടന്നിരിക്കുന്ന ഈ അനുഗ്രഹ പ്രാപ്തിയുടെ സമയം പ്രാർത്ഥനയോടും നോമ്പോടും ഉപവാസത്തോടുംകൂടി സമുദായത്തിൽ ശാന്തിയും സമാധാനവും ഉണ്ടാകുവാനും സമുദായത്തിന്റെ അഭിവൃദ്ധിക്കുംവേണ്ടി ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കുന്നു.

ക്നാനായ കമ്മിറ്റിയുടെ തീരുമാനപ്രകാരവും സമുദായ മെത്രാപ്പോലീത്തയുടെ നിർദ്ദേശാനുസരണവും കുൽപ്പമല തോട്ടം ക്നാനായ കമ്മറ്റി അംഗങ്ങൾ സന്ദർശിച്ചു. കോഴിക്കോട് നിന്ന് ഏകദേശം 60 കിലോമീറ്റർ ദൂരത്തിലാണ് കുൽപ്പമല എസ്റ്റേറ്റു സ്ഥിതി ചെയ്യുന്നത്. സമുദായത്തിന് ഇത്രയും സ്ഥലം ദാനം ആയി തന്നതിനുള്ള സമുദായത്തിന്റെ നന്ദി വാഴയിൽ കുടുംബക്കാരെ അറിയിക്കുന്നു.

ഒരു ദിവസം മുഴുവൻ കുൽപ്പമല എസ്റ്റേറ്റിൽ ചിലവഴിച്ച് വളരെ ത്യാഗം സഹിച്ച് കുറ്റിക്കാടുകളുടെ ഇടയിൽ കൂടി മുഴുവൻ സ്ഥലവും നടന്നു കാണുകയും എസ്റ്റേറ്റിനെ കുറിച്ചു പഠിക്കുകയും ചെയ്ത കമ്മിറ്റി അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

ഏതാണ്ട് 30 ഏക്കർ സ്ഥലത്ത് പ്ലാന്റ് ചെയ്തിട്ടുണ്ടായിരുന്ന റബ്ബർ മരങ്ങൾക്ക് ശരിയായ പരിചരണം ലഭിക്കാതെ വന്നതുകൊണ്ട് ഉദ്ദേശം പത്ത് ഏക്കർ സ്ഥലത്തുള്ള റബ്ബർ മരങ്ങൾ മുഴുവനായി നഷ്ടപ്പെട്ടു. ഇപ്പോൾ ഉദ്ദേശം 20 ഏക്കർ സ്ഥലത്ത് 3200 മരം ഉള്ളതിൽ രണ്ടായിരത്തോളം മരം മാർക്ക് ചെയ്ത് കറ എടുക്കാൻ പാകത്തിൽ വളർന്നിട്ടുണ്ട്. കൂടാതെ ഏതാണ്ട് 50 ഏക്കർ സ്ഥലത്ത് കശുമാവ് നിൽപ്പുണ്ട്. പരിചരണം ലഭിക്കാതെ ധാരാളം മരങ്ങൾ ഉണങ്ങി നശിച്ചു പോവുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന മരങ്ങളിൽനിന്നും ഒരു വർഷം ആദായം എടുക്കുന്നത് പത്രത്തിൽ പരസ്യം ചെയ്തതനുസരിച്ച് അവിടെ വച്ച് തന്നെ പരസ്യമായി ലേലം ചെയ്യുകയും ക്വൊട്ടേഷൻ സ്വീകരിക്കുകയും ചെയ്തു. ഇതിൽ 9 പേർ പങ്കെടുക്കുകയും ഏറ്റവും കൂടിയ ക്വൊട്ടേഷൻ തുകയായ മൂന്നു ലക്ഷത്തി തൊണ്ണൂറായിരം രൂപയ്ക്ക് ലേലം ഉറപ്പിച്ചു കൊടുക്കുകയും ചെയ്തു. കഴിഞ്ഞ വർഷം ലഭിച്ചതിലും കൂടുതൽ തുകയ്ക്ക് ഈ വർഷം ലേലം ചെയ്തു കൊടുക്കുവാൻ സാധിച്ചു.

വലിയ സാധ്യതകളുള്ള ഒരു സ്ഥലമാണ് കുൽപ്പമല എസ്റ്റേറ്റ്. നല്ല വളക്കൂറുള്ള ഭൂമിയാണ് ഇത്. വേണ്ടരീതിയിൽ പരിപാലിച്ചു പ്ലാൻ ചെയ്താൽ ഭീമമായ വരുമാനം വരും കാലങ്ങളിൽ സമുദായത്തിന് കുൽപ്പമല എസ്റ്റേറ്റിൽനിന്നും ലഭിക്കും.

കശുമാവ് പോയ സ്ഥലങ്ങളിൽ ആയിരക്കണക്കിന് ഹൈബ്രീഡ് കശുമാവിൻ തൈകൾ വച്ചുപിടിപ്പിക്കാൻ നമുക്ക് സാധിച്ചാൽ വർഷം തോറും സമുദായത്തിന് ലഭിക്കുന്ന ഒരു വലിയ വരുമാന സ്രോതസ്സായി മാറ്റുവാൻ സാധിക്കും. കൂടാതെ ഇനിയും റബ്ബർ തൈകൾ പ്ലാന്റ് ചെയ്യുന്നതിന് തരിശുഭൂമി കിടപ്പുണ്ട്. കൃഷിക്ക് അനുയോജ്യമല്ലാത്ത കുറച്ച് സ്ഥലം അവിടെയുണ്ട്. ഒന്നും പ്ലാൻ ചെയ്യുവാൻ സാധിക്കാത്ത ഈ സ്ഥലത്തുനിന്ന് വെട്ടുകല്ല് വെട്ടിമാറ്റിയാൽ നല്ല തുക ലഭിക്കുവാൻ സാധ്യതയുണ്ട്. നേരത്തെ 90 ഏക്കർ സ്ഥലം ഉണ്ടായിരുന്നു എന്നു പറയുന്നു. ഏതായാലും ഇപ്പോൾ 80 ഏക്കർ സ്ഥലം സമുദായത്തിന്റെ അധീനതയിൽ ഉണ്ട്. അവിടെ ഒരു തോട്ടം മാനേജർ ഉണ്ട് അദ്ദേഹവുമായി ഞങ്ങൾ പലരെയും സന്ദർശിക്കുകയുണ്ടായി. റബ്ബർ മാർക്കു ചെയ്തു ടാപ്പിങ്ങ് ആരംഭിക്കുന്നതിനും റബ്ബർ ഇല്ലാത്ത സ്ഥലത്ത് റബ്ബർ മരം വെച്ചുപിടിപ്പിക്കുന്നതിനും ഉള്ള ഏർപ്പാടുകൾ ചെയ്തിട്ടാണ് കമ്മിറ്റി അംഗങ്ങൾ മടങ്ങിയത്. അടുത്തമാസം റബ്ബർ ടാപ്പിങ്ങ് തുടങ്ങുമ്പോൾ വീണ്ടും കമ്മിറ്റിക്കാർ എത്തി എസ്റ്റേറ്റ് നല്ല രീതിയിൽ പ്ലാൻ ചെയ്യുന്നതിനുള്ള നടപടികൾ നടപ്പാക്കി സമുദായത്തിന് ഒരു വലിയ ആദായ മാർഗ്ഗമാക്കുന്നതിന് ദൈവത്തിൽ ശരണപ്പെടുന്നു.

സമുദായത്തിന്റെ സ്വത്തുക്കൾ ശരിയായവിധം പരിപാലിച്ചു നടത്തിയാൽ നമുക്ക് വലിയ വികസന പ്രവർത്തനങ്ങൾ നടത്തി മറ്റു ക്രിസ്തീയ സമുദായങ്ങൾക്ക് ഒപ്പം എത്തും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ആയതിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

കർത്താവിന്റെ അരുമ ശിഷ്യനും ആദ്യ പാത്രിയർക്കീസും ആയ പരിശുദ്ധ പത്രോസ് ശ്ലീഹായാൽ അന്ത്യോഖ്യാ സിംഹാസനം സ്ഥാപിക്കപ്പെട്ട ദിനമായ ഫെബ്രുവരി 22 ന് സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായും വൈദികരും സമുദായ സെക്രട്ടറിയും ക്നാനായ കമ്മിറ്റി അംഗങ്ങളും ഉൾപ്പെടെയുള്ള സമുദായ അംഗങ്ങൾ പാത്രിയർക്കാ പതാക ഉയർത്തി.

മുൻ ക്നാനായ സമുദായ ട്രസ്റ്റി കമാൻഡർ സ്കറിയ തോമസ് Ex. MP നമ്മളിൽ നിന്നും വാങ്ങി പോയിട്ട് 2022 മാർച്ച് 18-ന് ഒരു വർഷം തികയുകയാണ്. അദ്ദേഹത്തിന്റെ ജീവിത കാലത്തു സമുദായത്തിന് വേണ്ടി പ്രവർത്തിച്ച നല്ല കാര്യങ്ങളെ സ്മരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവ് ദൈവ സന്നിധിയിൽ നിതിമാന്മാരോടും പുണ്യവാന്മാരോടും കൂടി ആശ്വസിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ക്നാനായ സമുദായത്തിന്റെ മലബാർ മേഖലയിലെ പ്രഗൽഭനായ വൈദിക ശ്രേഷ്ഠനായിരുന്നു നമ്മളിൽ നിന്നും ദൈവസന്നിധിയിൽ ചേർക്കപ്പെട്ട ബഹുമാനപ്പെട്ട ഫാ. ഒ. പി. തോമസ് പാറാനിക്കൽ. റാന്നി സ്വദേശിയായിരുന്ന അച്ചൻ ഏതാണ്ട് 50 വർഷങ്ങൾക്ക് മുമ്പ് മലബാറിൽ സ്കൂൾ അദ്ധ്യാപകനായി ജോലി ലഭിക്കുകയും അതേ തുടർന്ന് വൈദികവൃത്തിയിലേക്ക് പ്രവേശിക്കുകയുമാണ് ഉണ്ടായത്.

മലബാർ മേഖലയിൽ ചുള്ളിയോട്, പള്ളിക്കുന്ന്, വടപുറം എന്നീ ദൈവാലയങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആ ദൈവാലയങ്ങളുടെ എല്ലാം അഭിവൃദ്ധിക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ചിരുന്നു. കൂടാതെ വടപുറത്തെ സമുദായംവക എയിഡഡ് സ്കൂളിന്റെ പ്രവർത്തനങ്ങളിൽ അച്ചന്റെ നിർലോഭമായ സഹകരണം ഉണ്ടായിരുന്നു. ഈ ഭരണസമിതിയുടെ കാലത്ത് സ്കൂളിന് പുതിയ കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനും, പഴയ കെട്ടിടങ്ങളുടെ മേൽക്കൂര മാറ്റി സ്റ്റീൽ സ്ട്രക്ചർ ആക്കുന്നതിനും, പുതിയ സ്കൂൾബസ് വാങ്ങുന്നതിനും എല്ലാം അച്ചന്റെ ആത്മാർത്ഥമായ സഹകരണം ഉണ്ടായിരുന്നു. മലബാറിലെ ക്നാനായ സമുദായത്തിന്റെ വടപുറം വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിന് അച്ചന്റെ സഹകരണം ഉണ്ടായിരുന്നു.

അച്ചന്റെ വേർപാട് ക്നാനായ സമുദായത്തിന് ഒരു വലിയ നഷ്ടമാണ്. ക്നാനായ സമുദായത്തിന്റെയും ക്നാനായ അസ്സോസിയേഷന്റെയും ക്നാനായ കമ്മിറ്റിയുടെയും അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും ഗണത്തിൽ അച്ചന് ആശ്വാസം ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

26-2-2022ൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റി മീറ്റിങ്ങിൽ എടുത്ത ചില പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

2020-2021 ലെ സമുദായ കണക്കും സ്ഥാപനങ്ങളുടെ കണക്കും കമ്മിറ്റി പാസ്സാക്കി, അടുത്ത കമ്മിറ്റിയിൽ റിപ്പോർട്ട് പാസ്സാക്കാനും തീരുമാനിച്ചു.

കൂടാതെ ഓഫ്ലൈനായും ഓൺലൈനായും ക്നാനായ അസ്സോസിയേഷൻ വിളിച്ച് കൂട്ടുവാനും ആയതിന് ജില്ലാകളക്ടറുടെ അനുവാദം വാങ്ങുവാനും തീരുമാനിച്ചു

ക്നായിതൊമ്മൻപ്രതിമ സുഖാർ ധ്യാനകേന്ദ്രത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചു.

കുൽപ്പമലതോട്ടത്തിൽ നിൽക്കുന്ന റബ്ബർ മരങ്ങളിൽനിന്നും ഒരു വർഷത്തേക്ക് കറ എടുക്കുന്നതിന് ടെൻഡർ വിളിക്കുന്നതിന് തീരുമാനിച്ചു.

അമേരിക്കയിലുള്ള NAKCഎന്ന സംഘടനയുടെ പ്രവർത്തനങ്ങൾ ക്നാനായ അസോസ്സിയേഷൻ ഭരണഘടനയുടെ 159-ാം വകുപ്പ് പ്രകാരം നിർവീര്യമാക്കിയിട്ട് ഉള്ളതാണെന്നും ആ സംഘടനയുടെ പേരിൽ ഇപ്പോൾ അമേരിക്കയിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ക്നാനായ സമുദായത്തിന്റെ അറിവോ അംഗീകാരമോ ഇല്ലാതെയാണ് നടത്തുന്നതെന്നും, അതിന്റെ സംഘാടകർ ഭരണഘടനയുടെ 160-ാം വകുപ്പ് ലംഘിക്കുകയാണെന്നും ഭരണഘടനാ വിരുദ്ധമായി പ്രവർത്തിക്കുകയാണെന്നും ആയതിനാൽ കമ്മിറ്റിയുടെ വിയോജിപ്പും ഉൽക്കണ്ഠയും രേഖപ്പെടുത്തി.

മുൻ ക്നാനായ കമ്മിറ്റി അംഗമായിരുന്ന ശ്രീ. ഇ. റ്റി. മാത്യുവിന്റെ നിര്യാണത്തിൽ കമ്മിറ്റിയുടെ അനുശോചനം രേഖപ്പെടുത്തി.

പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. കെ. ഒ. ജോസഫ് കരിങ്ങാട്ടിൽ അച്ചന് ആയുസ്സ് ആരോഗ്യങ്ങൾ നേർന്നുകൊണ്ടും ദൈവകൃപ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചും ക്നാനായ കമ്മിറ്റി അനുമോദിച്ചു.

ക്നായിതൊമ്മൻ പ്രതിമ സുഖാർ ധ്യാനകേന്ദ്രത്തിൽ സ്ഥാപിക്കുവാൻ സ്ഥലം നിർണ്ണയിക്കുന്നതിന് സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം, ഭദ്രാസന സെക്രട്ടറി റവ.ഫാ. ഏലിയാസ് ഇളവൻകളം, സിസ്റ്റർ ഫേബ എന്നിവരുടെ സാന്നിധ്യത്തിൽ വെളിയനാട് സുഖാർ ധ്യാന കേന്ദ്രം സന്ദർശിച്ചു ക്നാനായ കമ്മിറ്റിയുടെ ഭാരവാഹികൾ, ആക്റ്റിങ്ങ് ട്രസ്റ്റി തോമസുകുട്ടി മറ്റയ്ക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ശ്രീ. ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, രാജു വള്ളപുരക്കൽ, സാബു കണ്ണാട്ടിപ്പുഴ എന്നിവർ സംബന്ധിച്ചു.

നമ്മുടെ കൊച്ചു സമുദായത്തിലെ വിഷയങ്ങൾ തീർക്കുന്നതിനുവേണ്ടി അതുമായി ബന്ധപ്പെട്ടവരെ ക്നാനായ കമ്മിറ്റി ഹാർദ്ദമായി ചർച്ചയ്ക്കുവേണ്ടി സ്വാഗതം ചെയ്യുന്നു ഈ കൊച്ചു സമുദായത്തിൽ ഐക്യവും സമാധാനവും ഉണ്ടാകുന്നതിനും നമുക്ക് ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ക്നാനായ സമുദായ സെക്രട്ടറി
**റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ**

# അനുമോദന സമ്മേളനവും ക്യാഷ് അവാർഡ് വിതരണവും

കോവിഡ് 19 ന്റെ വ്യാപനത്തെ തുടർന്ന് മുടങ്ങിപ്പോകാമായിരുന്ന സൺഡേസ്കൂൾ പഠനം നീലംപേരൂർ സെന്റ് ജോർജ് സിറിയൻ സൺഡേസ്കൂൾ ഓൺലൈനായി തുടർന്നു വന്നിരുന്നു. കൂട്ടത്തിൽ വേദ അദ്ധ്യായം ഹൃദിസ്ഥമാക്കുന്നതിനും മത്സരിക്കുന്നതിനും കുട്ടികളെ തയ്യാറാക്കി, തുടർന്നു നടത്തിയ മത്സരത്തിൽ 150 ഓളം കുട്ടികൾ പങ്കെടുത്തു. 120 ഓളം കുട്ടികൾ വിജയികളായി. ഇവരെ അനുമോദിക്കുന്നതിനും ക്യാഷ് അവാർഡുകൾ സമ്മാനിക്കുന്നതിനുമായി 20-02-2022 ഞായറാഴ്ച ഇടവക വികാരി വന്ദ്യ ജെറിൻ റ്റി രാജു അച്ചന്റെ അദ്ധ്യക്ഷതയിൽ പള്ളി അകത്തുവച്ച് അനുമോദന സമ്മേളനം നടത്തപ്പെട്ടു. വിജയികളായ കുട്ടികളെ അനുമോദിച്ചുകൊണ്ട് നീലംപേരൂർ ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ശ്രീ. ഏബ്രഹാം പി. എ. പള്ളിക്കപ്പറമ്പിൽ പ്രസംഗിച്ചു. കുട്ടികൾക്കു വികാരി അച്ചൻ ക്യാഷ് അവാർഡുകൾ സമ്മാനിക്കുകയും ചെയ്തു. തുടർന്ന് പഠിക്കുവാനുള്ള വേദഅദ്ധ്യായവും കുട്ടികൾക്ക് നൽകുകയുണ്ടായി.

# ഇനിയും എങ്ങോട്ട്

സിസി ബാബു

നാം ഓരോ ദിവസവും ചിന്തിച്ചുകൊണ്ടിരിക്കുന്നു. കോവിഡ് എന്ന മഹാമാരി വന്നിട്ട് പിന്നീട് അതിന്റെ വകഭേദങ്ങളായി ഒന്നിനു പുറകെ ഒന്നായി പല പേരുകളിൽ മനുഷ്യജീവിതത്തിൽ സഹിക്കാൻ കഴിയാത്ത ദു:ഖങ്ങളും പ്രയാസങ്ങളും വരുത്തിക്കൊണ്ട് ഇരിക്കുകയാണ്. ഈ ലോകത്ത് ഏത് പ്രതിസന്ധികൾ വന്നാലും ഞാൻ ഒന്നിനേയും ഭയപ്പെടുകയില്ല. എന്തിനും ഏതിനും പരിഹാരം തരുന്ന എന്റെ കർത്താവ് കൂടെ ഉണ്ട് എന്ന് വിശ്വസിക്കണം.

പറന്ന് തളർന്ന് വരുന്ന പക്ഷി ഉണങ്ങിയ മരച്ചില്ലയിൽ ഇരിക്കുന്നത് ആ ഉണങ്ങിയ ചില്ല ഒടിഞ്ഞാലും ചിറകുകൾ കൊണ്ട് ആപത്ത് ഇല്ലാതെ സുരക്ഷിതമായി പറക്കാം എന്ന ഉത്തമ വിശ്വാസം അതിന് ഉള്ളതുകൊണ്ടാണ്.

രാവിലെ നേഴ്സറി സ്കൂളിൽ പോകുവാൻ മടി കാണിക്കുന്ന കുട്ടി, കിളിയെ അവന് കളിക്കുവാൻ കൂട്ടു വിളിക്കുമ്പോൾ, കിളിക്ക് സമയം ഇല്ല. കിളിക്ക് കൂടുണ്ടാക്കുവാൻ പോകണം എന്ന് മറുപടി പറയുന്നു. തേനീച്ചയെ കൂട്ടു വിളിക്കുമ്പോൾ ഈച്ചയ്ക്ക് സമയം ഇല്ല. പൂക്കളിലെ തേൻ നുകരാൻ പോകണം എന്ന്. അടുത്തതായി ചെറുനായയെ കൂട്ടു വിളിക്കുമ്പോൾ നായ് പറയുന്നു എനിക്ക് യജമാനന്റെ വീടിന് കാവലിനു പോകണം എന്ന്. അവസാനം കുട്ടി മടി മാറ്റിവച്ച് നേഴ്സറിയിൽ പോകുവാൻ തീരുമാനിച്ചു. ജീവജാലങ്ങൾക്ക് അതിന്റേതായ ലക്ഷ്യങ്ങൾ ഭൂമിയിലുണ്ട്. എത്രയോ പ്രാവശ്യം ഞായറാഴ്ച രാവിലെ ആരോഗ്യത്തോടെ എഴുന്നേൽക്കുമ്പോൾ ഞാൻ ഇന്ന് വിശുദ്ധ കുർബ്ബാനക്ക് പള്ളിയിൽ പോകുന്നില്ല എന്ന് മനസ്സിൽ ചിന്തിച്ചു കാണും. എന്നാൽ ഈ ലോകത്തിലെ വ്യാധികൾ ഒക്കെ മാറിയിട്ട് എന്ന് എനിക്ക് വിശുദ്ധ കുർബ്ബാനയ്ക്ക് സംബന്ധിക്കുവാൻ സാധിക്കുമെന്ന് എത്ര പ്രാവശ്യം ചിന്തിച്ചു കാണും. നമ്മുടെ ശത്രുവായ പിശാച് അലമുറ ഇടുന്ന സിംഹം പോലെ ആരെവിഴുങ്ങും എന്ന് അന്വേഷിച്ച് നടക്കുന്നു. നമ്മുടെ നിത്യപ്രകാശം കർത്താവ് ആണെന്ന് വിശ്വസിച്ചു കൊണ്ട് പിശാചിനെ തോൽപ്പിക്കുവാൻ നമുക്ക് കഴിയണം. മനസ്സു വച്ചാൽ നമുക്ക് തന്നിരിക്കുന്ന കല്പനകളെ വിശ്വാസപൂർവ്വം പ്രവർത്തിക്കണമെന്നോ, വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് നമ്മൾ തന്നെയാണ്. എല്ലാ മാറ്റങ്ങളും നമ്മുടെ മനസ്സിൽ നിന്നും തന്നെ ഉണ്ടാകണം. മാറ്റം ഉണ്ടായോ എന്ന ചോദ്യംപോലെ പ്രസക്തമാണ് മാറ്റത്തിന് നന്മ ഉണ്ടായോ എന്ന്. നമ്മളെ ഈ ലോകത്തിലേക്ക് അയച്ചവൻ തിരികെ വിളിക്കുമ്പോൾ തിരികെ തിരിഞ്ഞ് നോക്കാതെ പോയാലെ പറ്റുക ഉള്ളു. കർത്താവിന്റെ ന്യായവിസ്താരത്തിൽ ഈ ലോകത്ത് നമ്മൾ ചെയ്ത പ്രവർത്തികളുടെ ഫലം ആണ് നമുക്ക് കിട്ടുന്ന ന്യായവിധികൾ. ലോകം അതിന്റെ അന്ത്യകാലത്തേക്ക് വരുക ആണെന്ന് മനസ്സിലാക്കി ലോകത്തിന്റെ പ്രലോഭനങ്ങൾക്കൊത്ത് ഓടാതെ കർത്താവിന്റെ വചനങ്ങൾക്കൊത്ത് ഓടുവാൻ കഴിയണം. എന്തിനും ഏതിനും പരിഹാരം തരുന്ന എന്റെ കർത്താവ് കൂടെ ഉണ്ട്. അല്പകാലം മുമ്പ് മണ്ണുകൊണ്ട് നിർമ്മിക്കപ്പെട്ടതും അല്പകാലം കഴിഞ്ഞ് തനിക്ക് കടമായി ലഭിച്ച ആത്മാവിനെ ആവശ്യപ്പെടുമ്പോൾ തിരികെ ഏല്പിച്ച് മണ്ണിലേക്ക് തന്നെ മടങ്ങുന്നതാണ് ജീവിതം.

മായാ മോഹങ്ങളിൽനിന്നും
പൈശാചിക ചതിയിൽനിന്നും
നിൻ സ്ലീബാ രാവും പകലും
ഞങ്ങൾക്ക് കാവലായ് തീർന്നീടണമേ.

---

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

സ്നേഹം അല്പമെങ്കിലും മനസ്സിലായപ്പോൾ അവിടുത്തോടുള്ള സ്നേഹത്തെപ്രതി തങ്ങൾക്കുള്ളതെല്ലാം സ്വന്തം ജീവൻപോലും അവിടുത്തേക്കുവേണ്ടി സമർപ്പിക്കുവാൻ തയ്യാറായി.

യേശുക്രിസ്തുവിനോടുള്ള സ്നേഹത്തിന് തങ്ങളുടെ ജീവിതം സമർപ്പിക്കുവാൻ വേണ്ടി എത്രയോ ഭരണാധികാരികളും രാജാക്കന്മാരും രാജ്ഞിമാരുമാണ് അവരുടെ സമ്പത്തും സിംഹാസനവും രാജ്യവും പരിത്യജിച്ചിട്ടുള്ളത്, എത്രയോ രക്തസാക്ഷികളാണ് കർത്താവിനോടുള്ള സ്നേഹത്തെപ്രതി ക്രൂരമായ പീഡനങ്ങൾ ഏറ്റുവാങ്ങി സ്വജീവൻ സമർപ്പിച്ചത്. ഈ വിശുദ്ധരെല്ലാം ക്രിസ്തുവിനോടുള്ള സ്നേഹമാണ് അവരുടെ യഥാർത്ഥ ആനന്ദവും സന്തോഷത്തിന്റെ ഉറവിടവുമായി കണ്ടത്. വിശുദ്ധ പൗലോസ് പറയുന്നു. "അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ്" (ഫിലി. 3:8) ദൈവസ്നേഹം നമ്മുടെ ഹൃദയത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽപ്പിന്നെ, ഈ ലോകം വിലമതിക്കുന്നതിന് നാം വില കൽപ്പിക്കുകയില്ല. ഈ നോമ്പ് കാലം ക്രിസ്തുസ്നേഹത്താൽ ജ്വലിക്കപ്പെടുന്ന ഒരു ആത്മീയ അനുഭവം നമുക്ക് ലഭിക്കുന്ന വേളകളായി മാറട്ടെ. വാത്സല്യ മക്കളെ, ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തെ പ്രതി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, എവിടെയൊക്കെ ക്രൈസ്തവ പീഡനം നടക്കുന്നുണ്ടോ അവിടെയൊക്കെ ക്രൈസ്തവ വിശ്വാസികൾ തങ്ങളുടെ വിശ്വാസം നിലനിറുത്തുന്നതിനു വേണ്ടി പീഡനങ്ങളുടെ മദ്ധ്യത്തിലും അസാമാന്യ ധീരതയാണ് പ്രദർശിപ്പിക്കുന്നത്. അവരുടെ വിശ്വാസം നമ്മൾ ഓരോരുത്തരെയും പ്രചോദിപ്പിക്കട്ടെ, പീഡനമേൽക്കുന്ന നമ്മുടെ ആ സഹോദരങ്ങൾക്കായി നമുക്ക് പ്രാർത്ഥിക്കാം. ഈ സന്ദർഭത്തിൽ ക്രൈസ്തവ മക്കൾ ഏറെ പ്രാർത്ഥനയുള്ളവരും തങ്ങളുടെ വിശ്വാസം പൂർവ്വ പിതാക്കന്മാരെപ്പോലെ ജീവത്യാഗം ചെയ്യേണ്ടിവന്നാലും മുറുകെ പിടിക്കുന്നവരുമാകണം. നമ്മുടെ സത്യവിശ്വാസവും, ക്നാനായ തനിമയും പാരമ്പര്യവും തീക്ഷ്ണതയോടെ അടുത്ത തലമുറയ്ക്കു കൈമാറുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ വലിയ നോമ്പ് കാലം വിശ്വാസത്തിൽ തീക്ഷ്ണതയുള്ളവരായി മാറുവാൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# ആത്മവിശ്വാസം വിജയത്തിന്റെ അടിത്തറ

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

ഇന്ത്യാ-പാക്ക് യുദ്ധകാലത്ത് നമ്മുടെ ഒരു ഭടൻ ഷെല്ലുകൾ പൊട്ടിത്തെറിച്ച് അതിദാരുണമായി ക്ഷതമേറ്റ് മരണത്തോടു മല്ലടിക്കുകയായിരുന്നു. ഡോക്ടർമാർ അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കുന്നതിൽ നിസ്സഹായരാണെന്നും പ്രതീക്ഷയ്ക്കു ഒട്ടും വകയില്ലെന്നും ബ്രിഗേഡിയർ ജനറലിനോടു പറഞ്ഞു. ജനറൽ ആ ഭടനോടു ഇങ്ങനെ പറഞ്ഞു "താങ്കളുടെ ഈ അവസ്ഥയിൽ ഞങ്ങൾക്കു ദുഃഖവും സഹതാപവുമുണ്ട്. നിങ്ങൾക്ക് ഏതെങ്കിലും അന്ത്യാഭിലാഷങ്ങളോ വീട്ടിൽ എന്തെങ്കിലും അറിയിക്കാനോ ഉണ്ടോ? കിതപ്പോടെ കടുത്ത വേദനയോടെ ആ ധീരജവാൻ അവ്യക്തമായ ഭാഷയിൽ പറഞ്ഞു; 'എന്റെ പേഴ്സ്. ബ്രിഗേഡിയർ ആശ്ചര്യത്തോടെ ചോദിച്ചു ഇപ്പോൾ അതെന്തിനാണ്? ഭടൻ പറഞ്ഞു അതിൽ നൂറു രൂപയുണ്ട്. ഞാൻ മരണത്തെ മറികടക്കുമെന്ന് നിങ്ങളോട് ആ നൂറു രൂപയ്ക്കു പന്തയം വയ്ക്കുന്നു. ഒടുവിൽ അവിശ്വസനീയമായതു സംഭവിച്ചു. ആ ധീരജവാന്റെ അതിതീവ്രമായ ആത്മവിശ്വാസം വിജയിച്ചു. അയാൾ മരണത്തെ അതിജീവിച്ചു. ലോകത്തിന്റെ പല ഭാഗങ്ങളിൽ ഇത്തരം സംഭവങ്ങൾ ധാരാളം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

ഭഗവത് ഗീതയിൽ ഇങ്ങനെ പറയുന്നു "നിന്റെ ഉള്ളിലുള്ള ശക്തികൊണ്ട് നിനക്കു വേണമെങ്കിൽ ഈ ലോകത്തെ തന്നെ ഇളക്കി മറിക്കാം". നമ്മുടെ ആത്മവിശ്വാസവും ശുഭപ്രതീക്ഷയുമാണ് നമ്മെ വിജയത്തിലേക്കോ പരാജയത്തിലേക്കോ നയിക്കുന്നത്. അതാണ് സ്വപ്നങ്ങളായി, തീരുമാനങ്ങളായി, പ്രവർത്തികളായി രൂപാന്തരപ്പെടുത്തുന്നത്. വിശ്വാസം വിശ്വോത്തര ശക്തിയാണ്. "നിനക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് പോയി കടലിൽ വീഴാൻ പറഞ്ഞാൽ അതു നിന്റെ വാക്കുകളെ അനുസരിക്കും" എന്ന് ബൈബിൾ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. മല നീങ്ങി കടലിൽ വീഴുന്നത് നാമാരും കണ്ടിട്ടില്ല. എന്നാൽ മലയെക്കാൾ വലിയ തടസ്സങ്ങളെയും പ്രതിസന്ധികളെയും തികഞ്ഞ ആത്മവിശ്വാസത്തോടെ മറികടന്ന മഹാരഥന്മാർ മാനവചരിത്രത്തിൽ വിരാജിക്കുന്നു. ജലകണികയിൽ സൂര്യരശ്മി ഏൽക്കുമ്പോൾ അഴകാർന്ന മഴവില്ല് രൂപപ്പെടുന്നതുപോലെ നമ്മുടെ തീവ്രമായ അഭിവാഞ്ജയിൽ ആത്മവിശ്വാസത്തിന്റെ സുവർണ്ണ രശ്മികൾ ഏൽക്കുമ്പോൾ വിജയത്തിന്റെ മഴവില്ല് രൂപപ്പെടും.

മുഴുവൻ ഭാരതീയർക്കും അഭിമാനമായ മുൻ ഇൻഡ്യൻ പ്രസിഡന്റ് ഏ. പി. ജെ. അബ്ദുൾ കലാമിന്റെ "അഗ്നിച്ചിറകുകൾ" എന്ന ആത്മകഥയിൽ ക്ലേശകരമായ ബാല്യകാലത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഒരു വൈമാനികനാകാനുള്ള ആഗ്രഹത്തോടെ മദിരാശിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും അദ്ദേഹം ഏറോനോട്ടിക് എഞ്ചിനിയറിംഗ് പഠിച്ചു. വ്യോമസേനയിൽ പൈലറ്റ് ആകാൻ ഡെറാഡൂണിലെ എയർഫോഴ്സ് സെലക്ഷൻ ബോർഡിന്റെ ഇന്റർവ്യൂവിന് എത്തിയ കലാം അവിടെ പരാജിതനായി. മികച്ച പേഴ്സണാലിറ്റിയില്ലെന്നതായിരുന്നു അവർ കണ്ടെത്തിയ കാരണം. പക്ഷേ കലാമിലെ ആത്മവിശ്വാസത്തിന്റെ തീ നാളത്തെ കെടുത്തുവാൻ ആ പരാജയം പര്യാപ്തമായിരുന്നില്ല. ലോകത്തിലെ വൻശക്തികളുടെ മുന്നിൽ തലയുയർത്തി നിൽക്കാൻ ഭാരതത്തെ സജ്ജമാക്കിയ കർമ്മയോഗിയാണദ്ദേഹം. മിസൈൽ സാങ്കേതിക വിദ്യയിലൂടെ ഇൻഡ്യയുടെ പ്രതിരോധശക്തി അയൽ രാജ്യങ്ങൾക്ക് അസൂയാവഹമായ രീതിയിൽ വികസിപ്പിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത് തികഞ്ഞ നിശ്ചയദാർഢ്യവും കെടാത്ത ആത്മവിശ്വാസവും ശുഭപ്രതീക്ഷയുമാണ്. ഇന്നത്തെ യുവജനങ്ങൾ തങ്ങളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ തിരിച്ചറിഞ്ഞ് പ്രവർത്തിച്ചാൽ വൻ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് ഉറപ്പാണ്. ഇന്ധനം തീർന്ന വിമാനംപോലെയാണ് ആത്മവിശ്വാസമില്ലാത്ത മനുഷ്യർ. അതുകൊണ്ട് വിശ്വാസത്തിൽ ഇന്ധനം (അഗ്നി) നിറച്ച മനസ്സുമായി യാത്ര ചെയ്താൽ ജീവിതത്തിന്റെ ഇരുണ്ട പാതകളിൽ വെളിച്ചത്തിന്റെ വഴിവിളക്കുകൾ തെളിഞ്ഞു വരും എന്നുള്ളതിന് സംശയമില്ല.

അഹമ്മദാബാദിലെ 16 വയസ്സുകാരനായ മനോജ് ഹിൻഗാരിക്ക് എന്ന ചിത്രകാരന് 1999 ലെ ഇന്റർനാഷണൽ ബാലശ്രീ അവാർഡ് ലഭിച്ചു. മനോഹരമായ ആ ഷീൽഡ് നെഞ്ചോട് ചേർത്തു പിടിക്കാൻ ആ ബാലനു കഴിഞ്ഞില്ല. കാരണം അവനു രണ്ടു കൈകളും ഇല്ലായിരുന്നു. ഒരു അപകടത്തിൽ അവന്റെ രണ്ടു കൈകളും നഷ്ടപ്പെട്ടു. വികലാംഗർക്കു വേണ്ടിയുള്ള ഒരു കേന്ദ്രത്തിലാണ് അവൻ വളർന്നത്. രണ്ടു കൈകളും നഷ്ടപ്പെട്ട ആ ബാലൻ വായിൽ ബ്രഷ് വച്ചുകൊണ്ട് ക്ഷമയോടെ ഉറച്ച ആത്മവിശ്വാസത്തോടെ പെയിന്റിംഗ് പരിശീലിച്ചു. അതെത്ര ക്ലേശകരമായിരുന്നുവെങ്കിലും ആസ്വദിച്ച് ചെയ്തു. അതവനെ ചിത്രകലയിൽ അത്യുന്നതങ്ങളിൽ എത്തിച്ചു. മനോജ് പറയുന്നു 'എന്റെ രണ്ടു കൈകളെ എനിക്കു നഷ്ടപ്പെട്ടിട്ടുള്ളൂ. ജീവിതത്തോടുള്ള തീവ്രാഭിനിവേശം എന്നിൽ അലയടിക്കുന്നു'. പരിമിതികളിൽ തളരുകയല്ല. പിന്നെയോ അതിനെ ശക്തിയാക്കി മാറ്റുകയാണ് വേണ്ടത്. ക്രിയാത്മക മനോഭാവമാണ് ഒരാളെ വിജയിപ്പിക്കുന്നത്. ലക്ഷ്യവും ചിന്തയും ഉയർന്ന ആത്മവിശ്വാസവും തോൽക്കുമോ എന്ന ഭയത്തെ അകറ്റി നിർത്തുന്നു. മഹാത്മാഗാന്ധി പറയുന്നു മനുഷ്യൻ അവന്റെ തന്നെ ഉല്പന്നമാണ്. നാം എന്തു ചിന്തിക്കുന്നുവോ അതു തന്നെയായിത്തീരുന്നു. ആത്മവിശ്വാസം ദുർബലനെ ശക്തനാക്കുന്നു. ഭീരുവിനെ ധീരനാക്കുന്നു. സാധാരണക്കാരനെ അസാധാരണക്കാരനാക്കുന്നു.

1992-ലെ ബാഴ്സിലോണിയ ഒളിംപിക്സിൽ 100 മീറ്റർ ഓട്ടമത്സരത്തിൽ എല്ലാവരേയും പിന്നിലാക്കി സ്വർണ്ണം നേടി ഗെയിൽ ഡെവേഴ്സ് എന്ന പെൺകുട്ടി ലോകമെമ്പാടുമുള്ള അനേക കോടി ജനങ്ങളുടെ ശ്രദ്ധയാകർഷിച്ചു. സ്വർണ്ണം നേടി എന്നതു മാത്രമല്ല ഗെയിൽ ശ്രദ്ധാകേന്ദ്രമാവാൻ കാരണം. അതിനുമപ്പുറം വീൽ ചെയറിൽ നിന്ന് ലോകത്തിലെ ഏറ്റവും മികച്ച 100 മീറ്റർ ഓട്ടക്കാരിയായി ഗെയിൽ മാറി എന്നതായിരുന്നു. മത്സരത്തിനു രണ്ടു വർഷം മുൻപുവരെ എഴുന്നേറ്റു നിൽക്കാൻ സാധിക്കാത്ത നിലയിലായിരുന്നു ഗെയിൽ. അസുഖത്തെ തുടർന്ന് രണ്ടുകാലുകളും മുറിച്ചു മാറ്റേണ്ടി വരുമെന്നു ഡോക്ടർമാർ ഭയപ്പെട്ടു. എന്നാൽ തന്റെ ചിന്തകളെ പോസിറ്റീവായി മാറ്റിക്കൊണ്ട് ഓരോ ദിവസവും ഗെയിൽ ജീവിതത്തിലേക്കു പിച്ചവച്ചു. പതിയെ പതിയെ അസുഖം കുറഞ്ഞു. വൈകാതെ എഴുന്നേറ്റു നിൽക്കാമെന്നായി. അതോടെ ഗെയിലിന്റെ ആത്മവിശ്വാസം ഇരട്ടിച്ചു. വേദന സഹിച്ചുകൊണ്ട് പതുക്കെ നടക്കാൻ തുടങ്ങി. ഒടുവിൽ ട്രാക്കിൽ ഓടി പരിശീലിക്കാൻ ആരംഭിച്ചു. ആ പരിശീലനം എത്തി നിന്നത് ഒളിംപിക്സ് സ്വർണ്ണ മെഡലിൽ. സ്വന്തം അവസ്ഥകളെ പഴിപറഞ്ഞുകൊണ്ടിരിക്കാതെ ആത്മവിശ്വാസത്തോടെ പ്രവർത്തിച്ചതുകൊണ്ടാണ് ഗെയിൽ നേട്ടങ്ങൾ കൊയ്തത്. ചെറിയ കാറ്റടിച്ചാൽ മെഴുകുതിരി ഒരു പക്ഷേ കെടും. എന്നാൽ കാട്ടുതീയുടെ നേരെ കാറ്റടിച്ചാൽ അത് ആളിക്കത്തും. മനസ്സിൽ തീവ്രമായ ആഗ്രഹവും ആത്മവിശ്വാസവുമുണ്ടെങ്കിൽ ഏതു വിജയത്തിനും അടിത്തറ പാകാൻ നമുക്കു സാധിക്കും.

●

# കശ്ശീശ്ശ പട്ടം സ്വീകരിച്ചു



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ വരാച്ചേരിയിൽ പുത്തൻപറമ്പിൽ ബിനോയി പി.എ. യുടെയും ലിനി ഏബ്രഹാമിന്റെയും മകൻ ഡീ. ബിൻസു ഏബ്രഹാം 2022 ജനുവരി 14-ന് ചിങ്ങവനം സെന്റ്ജോൺസ് പുത്തൻപള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയിൽ നിന്നും കശ്ശീശ്ശ പട്ടം സ്വീകരിച്ചു. പാറക്കുളത്ത് ബിനോ പി. ഏലിയാസിന്റെ മകൾ അരോണ സൂസൻ ബിനോ ആണ് ഭാര്യ.



## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

## FORM IV (SEE RULE 8)

| | | |
|---|---|---|
| 1. Place of Publication | - | Chingavanam |
| 2. Periodicity of its Publication | - | Monthly |
| 3. Printer's Name | - | Fr. Jaicobkutty K. S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 4. Publisher's Name | - | Fr. Jaicobkutty K. S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 5. Editor's Name | - | V. Rev. Roy Mathew Mulamoottil |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 6. Ownership | - | The Malankara Syrian Knanaya Arch Diocese, M.E. Seminary, Chingavanam |

**I Fr. Jaicobkutty K. S. Kallookulam, here by declare that the particulars given above are true to the best of my knowledge and belief.**

Date 15- 3- 2022 **Sd / Publisher**



# 100-ന്റെ നിറവിൽ
# 25/02/2022

## Mr. C. THOMAS

**MOOLETHARAYIL**
**VANMAZHY**
(Retd. Vigilance Officer
Post & Telegraphs)

ജീവിതദീപത്തിൻ ശോഭയാൽ ഞങ്ങൾക്കു മാർഗ്ഗദർശിയാ യിത്തീർന്ന താതാ ഉൾക്കാമ്പിലാനന്ദബാഷ്പം പൊഴിയുന്നു നന്ദിയോടെ നമിക്കുന്നു ഞങ്ങൾ.

**MOOLETHARAYIL FAMILY**

Advt - S



## മഞ്ഞനിക്കര തീർത്ഥാടകർക്ക് സ്വീകരണം

മഞ്ഞനിക്കര വടക്കൻ മേഖലാ തീർത്ഥയാത്രയെ ചിങ്ങവനം മാർ അപ്രേം സെമിനാരി കവാടത്തിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് ഇളവൻകളം, സെമിനാരി മാനേജർ ഫാ. ജിതിൻ പനവേലിൽ, ക്ലീമിസ് പ്രസ്സ് മാനേജർ ഫാ. ഷെറിൻ കൊല്ലംപറമ്പിൽ, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നു.



## പാത്രിയർക്കാദിനം ആചരിച്ചു

കർത്താവിന്റെ അരുമ ശിഷ്യനും ആദ്യ പാത്രിയർക്കീസും ആയ പരിശുദ്ധ പത്രോസ് ശ്ലീഹായാൽ, അന്ത്യോഖ്യാ സിംഹാസനം സ്ഥാപിക്കപ്പെട്ട ദിനമായ ഫെബ്രുവരി 22-ന്, സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി പാത്രിയർക്കാ പതാക ഉയർത്തുന്നു.



PROJECT BY
WAKE
KNANAYA WEDDINGS.COM

# ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം
+91 70254 22022

ചിങ്ങവനം
+91 94461 46000

knanayaweddings@gmail.com





## വെളിയനാട് സുഖാർ ധ്യാനകേന്ദ്രം



ക്നാനായ സമുദായ സെക്രട്ടറി ടി.ഒ. എബ്രഹാം തോട്ടത്തിൽ, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് ഇളവൻകളം, സിസ്റ്റർ ഫേബ എന്നിവരുടെ സാന്നിധ്യത്തിൽ വെളിയനാട് സുഖാർ ധ്യാന കേന്ദ്രം സന്ദർശിക്കുന്ന ക്നാനായ കമ്മിറ്റിയുടെ ഭാരവാഹികൾ. ആക്റ്റിങ് ട്രസ്റ്റി തോമസ്കുട്ടി മറ്റയ്ക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ശ്രീ. ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, രാജു വള്ളപുരക്കൽ, സാബു കണ്ണാട്ടിപ്പുഴ എന്നിവർ.


40 – ാം ചരമദിനം
24 – 02 – 2022



**N.A. സ്കറിയ (കറിയാച്ചൻ)**

നൊച്ചുമണ്ണിൽ, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# 4 – ാം ചരമവാർഷികം

15 – 3 – 2022



# സെലിൻ സജി

കറുകേലിൽ, തിരുവൻവണ്ടൂർ

"ആദാം മക്കൾക്കുത്ഥാനം വാഗ്ദത്തം ചെയ്തോൻ മശിഹാ
നിൻ ശരണത്തിൽ നിദ്രിതയാം ദാസിക്കേകണമുത്ഥാനം."

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## ആദരാഞ്ജലികൾ



### റവ. ഫാ. ഒ. പി. തോമസ്

പാറാനിക്കൽ, നിലമ്പൂർ

ക്നാനായ ദീപം & ക്ലീമിസ് പ്രസ്സ്

## 40 – ാം ചരമദിനം

14 – 3 – 2022



Advt -O

### ABRAHAM JACOB (ABY-69)

PURAMUTTATHU, KUMARANKARY

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

06 – 03 – 2022



Advt - O

### നൈന സാജൻ

പയ്യനാട്ട്, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Fr. P.T. Mathew, Moni, Mariamma,
Molly, Sajan, Minu, Neha

## 1st Birthday in Heaven

27 – 3 – 2022



Advt - O

### K. P. Abraham (80)

(Rtd. Sales Tax Officer)

കോയിത്തറ, കുറിച്ചി

I am the resurrection and the life, Those who believe in me will live, even though they die and all those who live and believe in me will never die. St. John 11:25-26

Dears and Nears

# Career-വലിയ ലക്ഷ്യങ്ങൾ മാത്രം പോരാ!



സുനിൽ ഡി. കുരുവിള

"സാർ, ഇപ്പോൾ +2 പഠിക്കുന്നു? ഇനി തുടർന്ന് എന്ത് പഠിക്കണം എന്നൊരു കൺഫ്യൂഷൻ".

അറിയപ്പെടുന്ന ഒരു CBSE സ്കൂളിലെ ഒരു വിധം നല്ലൊരു ഉഴപ്പനാണ് കക്ഷി.

"ഒരു IPS ആണ് എന്റെ ആഗ്രഹം."

ഇന്ന് പലപ്പോഴും കുട്ടികൾക്ക് വലിയ ലക്ഷ്യങ്ങൾ ഒക്കെ 'ഓതി' കൊടുക്കുവാൻ ഒരുപാടു പേരുണ്ട്. എന്നാൽ ഉന്നതമായ ലക്ഷ്യങ്ങൾക്ക് പുറകിൽ ഉണ്ടാകേണ്ട അടിസ്ഥാന പ്രവർത്തനം എങ്ങനെയാകണം. ആരാണ് ഇത്തരം ലക്ഷ്യങ്ങൾ ഒക്കെ നേടിയെടുക്കുന്നത്... എങ്ങനെ പഠനവും വ്യക്തിത്വവും ആസൂത്രണം ചെയ്യണം... ഈവക കാര്യങ്ങളിൽ ഒരു ഗൈഡൻസും കുട്ടികൾക്ക് കിട്ടുന്നില്ല. വലിയ ലക്ഷ്യങ്ങൾ പറഞ്ഞുകൊണ്ട് നടന്നാൽ മാത്രം അതിൽ എത്തിച്ചേരില്ല. പലപ്പോഴും അത്തരം ലക്ഷ്യങ്ങൾ ശരിയായ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെയും വസ്തുനിഷ്ഠമായി അവലോകനം ചെയ്യാതെയും ഒക്കെ 'വച്ചുകെട്ടുമ്പോൾ' വിപരീതഫലം ആകും ലഭിക്കുക. ഒന്നും ആകാതെ പോകുന്ന - നിരാശരായി പോകുന്ന യുവത.

സുഹൃത്തായ ഒരു കോളേജ് അദ്ധ്യാപിക വിളിച്ചു. "സാർ മകൾ ഇപ്പോൾ പ്ലസ്‌വൺ കഴിഞ്ഞു... മിടുക്കിയാണ് എങ്കിലും higher study സംബന്ധിച്ചു കുറെ സംശയങ്ങൾ ഉണ്ട്... ഒന്ന് നേരിൽ കാണണം."

എൻട്രൻസ് താല്പര്യമില്ല. സംസാരിച്ചു വന്നപ്പോൾ കുട്ടിക്ക് കണക്കിൽ ആണ് ഏറ്റവും മികവുള്ളതു എന്ന് മനസ്സിലായി. കണക്കു പഠിച്ചാൽ എന്തെല്ലാം സാദ്ധ്യതകൾ ഉണ്ട്... ഏതെല്ലാം professional മേഖലയിലേക്ക് തിരിയാം. എങ്ങനെ ഒരു ഉന്നതമായ career നേടിയെടുക്കാം... ഇതൊക്കെയായിരുന്നു ഞങ്ങളുടെ ചർച്ച.

തിരികെ പോകുമ്പോൾ ആ അദ്ധ്യാപിക പറഞ്ഞ വാക്കുകൾ വളരെ ഹൃദ്യമായിരുന്നു. "വലിയ ഒരു സമാധാനവും അതിലേറെ ആത്മവിശ്വാസവും ആണ് ഞങ്ങൾക്ക് ലഭിച്ചത്!" മകൾ കൂട്ടിച്ചേർത്തു, "ഇനിയും പഠിക്കാൻ ഒരു motivation ഉണ്ട് ഒരു കാരണമുണ്ട്... thank you so much, Sir'' **എന്തുകൊണ്ടാണ് മികച്ച വിദ്യാഭ്യാസം- മാർഗ്ഗനിർദ്ദേശം ഈ കാലത്തു വളരെ പ്രാധാന്യമുള്ളതാകുന്നത്?**

ഓരോ കുട്ടിയും unique ആണ്. അവരുടെ അഭിരുചി താല്പര്യം കഴിവുകൾ എല്ലാം ഉന്നത വിദ്യാഭ്യാസത്തിലും തൊഴിൽ രംഗത്തും ഗൗരവമായി പരിഗണിക്കേണ്ടത് ആവശ്യമാണ്-സന്തോഷകരമായ ഭാവിജീവിതത്തിനു അനിവാര്യമാണ്.

കഴിവില്ലാത്ത-ഇഷ്ടമില്ലാത്ത മേഖലയിൽ ഒക്കെ ജോലി ചെയ്യേണ്ടി വരുമ്പോൾ അതിന്റെ ദോഷഫലങ്ങൾ ഫാമിലിയിലും സാമൂഹിക ജീവിതത്തിലും ഒക്കെ പ്രതിഫലിക്കും.

നൂറുകണക്കിന് കോഴ്സുകൾ institutions വിദേശ രാജ്യത്തെ പഠന സാദ്ധ്യതകൾ.. എന്നിവ വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ സാധിക്കണം. ഇല്ലെങ്കിൽ ഏജന്റുമാരും ബ്രോക്കർന്മാരും നമ്മുടെ ജീവിത 'വിധി' തീരുമാനിക്കും!

എല്ലാവരും entrance പഠിക്കണം എന്നില്ല. ചിലർക്ക് ആത്മവിശ്വാസത്തിനും ആശയ വിനിമയപാടവത്തിനും ആണ് 'coaching' വേണ്ടത്!

കുട്ടികളിലെ പഠന-നൈപുണ്യ-നേതൃത്വ-മൂല്യ വികസന ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുക-സമഗ്രവ്യക്തിത്വ വികസനം ഉറപ്പാക്കുക. പഠനത്തിൽ കൂടുതൽ motivation നൽകാനും ലക്ഷ്യങ്ങളെ കുറേക്കൂടി sharpen ചെയ്യാനും സഹായിക്കുക.

ഡിഗ്രിതലത്തിൽ ഒക്കെ 'specialisation' കോഴ്സുകൾ ഒക്കെ ചെയ്യുന്നത് വലിയ ഗുണം ചെയ്യണം എന്നില്ല. Forensic science, artificil intelligence, genetics ഒക്കെ post graduate-ലെവലിൽ പഠിക്കുന്നതാണ് അഭികാമ്യം.

അതുപോല വിദേശരാജ്യത്തു പഠിക്കാൻ പോകുമ്പോൾ നല്ല മാർഗ്ഗനിർദ്ദേശം ആവശ്യമാണ്, പ്രത്യേകിച്ച് MBBS ഒക്കെ പഠിക്കാൻ പ്ലാൻ ചെയ്യുമ്പോൾ.

കൂട്ടുകാരുടെ സമ്മർദ്ദവും മാതാപിതാക്കളുടെ 'പഴകിയ' അറിവും google നിന്ന് ലഭിക്കുന്ന information ഉം ആധികാരികമായിക്കൊള്ളണം എന്നില്ല. സുഹൃത്തുക്കളുടെയും പരസ്യങ്ങളുടെയും ഒക്കെ സ്വാധീനം ചെറുക്കാൻ കഴിയണമെങ്കിൽ നല്ല guidance കൂടിയേ തീരു.

Career രംഗത്തും ലോകത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ; പുതിയ കോഴ്സുകൾ തൊഴിൽ മേഖലകൾ industry expectation ഒക്കെ കാലേക്കൂട്ടി update ചെയ്യാൻ നല്ല ഗൈഡൻസ് സഹായിക്കും.

സമഗ്രമായ ജീവിത വീക്ഷണം, സന്തോഷം, സംതൃപ്തി ഒക്കെ യുവതയിൽ പ്രോത്സാഹിപ്പാൻ കഴിയണം. സമൃദ്ധിയായി ജീവിതത്തെക്കുറിച്ച് കൗമാരക്കാർക്ക് ദർശനവും കാഴ്ചപ്പാടും നൽകേണ്ടതുണ്ട്.

മാതാപിതാക്കളും കുട്ടികളും തമ്മിൽ career കാര്യങ്ങളിൽ തർക്കം ഉണ്ടാകുമ്പോൾ ഏതുവശത്താണ് ശരി എന്ന് എങ്ങനെ തീരുമാനിക്കും? 20 വർഷം മുമ്പുള്ള parents ന്റെ അറിവ് ഇന്ന് valid ആയിക്കൊള്ളണം എന്നില്ല. കുട്ടിക്ക് ആഗ്രഹമുള്ള കാര്യങ്ങൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടണമെന്നും ഇല്ല. ഇവിടെ നല്ല ഗൈഡൻസ് സഹായിക്കും.

നല്ല ഗൈഡൻസ് തെറ്റുകളിൽ വീഴാതെ വലിയ ലക്ഷ്യബോധത്തിൽ നിൽക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു! They stand tall, stand strong and stand different.

കൂടുതൽ ധൈര്യവും വ്യക്തതയും ആത്മവിശ്വാസവുമുള്ള മാതാപിതാക്കളെ സൃഷ്ടിക്കുന്നു!

"Good guidance is nation building"

നല്ല ഗൈഡൻസ് എവിടെ ലഭിക്കും? അതിനു യാതൊരു compromise ഉം പാടില്ല. കാരണം അതിന്റെ വില നമ്മുടെ ഒരോരുത്തരുടെയും കുട്ടികളുടെ വിലയാണ്. സഭയായി തന്നെ ഈ കാര്യത്തിൽ ഗൗരവമായ പ്രവർത്തനങ്ങൾ ആരംഭിക്കും എന്ന് പ്രതീക്ഷിക്കട്ടെ!

*(സുനിൽ ഡി. കുരുവിള, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കൗൺസിലറും കരിയർ ഗൈഡുമാണ്. സെൽഫോൺ നമ്പർ +91 9656144712 'Sunil Kuruvilla' എന്ന `You Tube ചാനലിലൂടെ ലഭ്യമാണ്.)*

# വിദേശങ്ങളിൽ പോകുന്നവർക്ക് ഒരു ലക്ഷം രൂപ വായ്പാ സഹായം നൽകുന്നു

റാന്നി: വികസിത രാജ്യങ്ങളിൽ ജോലിക്ക് പോകുന്ന സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളവർക്ക് ഒരു ലക്ഷം രൂപ വീതം വച്ചു നൽകുവാൻ ക്നാനായ സമുദായ അംഗവും റാന്നി സ്വദേശിയുമായ പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു വ്യക്തി 12.5.2013 ൽ പത്തു ലക്ഷം രൂപ നൽകുകയുണ്ടായി. 13.5.2013-ൽ കോർപറേഷൻ ബാങ്കിന്റെ (ഇപ്പോൾ യൂണിയൻ ബാങ്ക്) റാന്നി ശാഖയിൽ നിക്ഷേപിക്കുകയും ചെയ്തു.

കല്പന വഴിയായും ക്നാനായ ദീപത്തിലൂടെയും ഈ വിവരം അറിയിച്ചതനുസരിച്ചു സമുദായത്തിലെ വിവിധ പള്ളികളിൽ നിന്നു 6 അപേക്ഷകൾ വരികയും വൈദികരും ഫണ്ട് ദാതാവും അടങ്ങുന്ന 5 അംഗ ഫണ്ട് കമ്മിറ്റി 10.10.2013-ൽ കൂടി ഈ അപേക്ഷകൾ പരിശോധിക്കുകയും ഫണ്ട് ദാതാവിന്റെ ഉദ്ദേശ്യത്തിന്റെ പരിധിയിൽ വരാത്തതിനാൽ ഫണ്ട് ദാതാവ് ഉൾപ്പെടുന്ന അഞ്ചംഗ കമ്മിറ്റി 6 അപേക്ഷകളും പരിഗണിക്കേണ്ടായെന്നു തീരുമാനിക്കുകയും ചെയ്തു.

പിന്നീട് അപേക്ഷകൾ ലഭിക്കാതെ വന്ന സാഹചര്യത്തിൽ 30.8.2021 ൽ കൂടിയ ഫണ്ട് കമ്മിറ്റി വികസിത രാജ്യങ്ങളിൽ ജോലിക്കൊ അല്ലെങ്കിൽ പഠനത്തിനും part time ജോലിക്കോ പോകുന്നവർക്കും വായ്പ നൽകുവാൻ പുതിയ തീരുമാനം എടുത്തു.

ചിങ്ങവനം പുത്തൻപള്ളി, കോട്ടയം വലിയ പള്ളി, മുളക്കാംതുരുത്തി പള്ളി, ഒഴുവൻപാറ കുരിശുപള്ളി, റാന്നി വലിയ പള്ളി, ചെറുകുളഞ്ഞി കുരിശുപള്ളി എന്നീ പള്ളികളിൽ നിന്നുള്ള വ്യക്തികളുടെ അപേക്ഷകൾ കമ്മിറ്റിയുടെ തീരുമാന പ്രകാരം നാളിതുവരെ 8 ലക്ഷം (Eight lakhs) രൂപയോളം നൽകുവാൻ കഴിഞ്ഞതിൽ ദൈവത്തെ മഹത്വപ്പെടുത്തി ചാരിതാർഥ്യത്തോടെ അറിയിക്കുന്നു.

ചിങ്ങവനം പുത്തൻപള്ളി ഇടവക അംഗം അയർലണ്ടിൽ പോകുവാൻ ഹീമി ആയി എടുത്ത ഒരു ലക്ഷം രൂപ പത്തു മാസം കൊണ്ട് തിരികെ അടയ്ക്കേണ്ടത് അയർലണ്ടിൽ എത്തി കേവലം 4 മാസം കൊണ്ട് തിരികെ അടച്ചു ആത്മാർത്ഥമായി സഹകരിച്ചതും സന്തോഷത്തോടെ അറിയിക്കട്ടെ.

വായ്പയായി നൽകുന്ന തുക പത്തു മാസം കൊണ്ട് തിരികെ നൽകുകയും അതേ തുടർന്ന് ആ വ്യക്തി സാമ്പത്തികമായി അഭിവൃദ്ധി പ്രാപിക്കുമ്പോൾ ഒരു ലക്ഷം രൂപ സംഭാവന നൽകുകയും ചെയ്യുമ്പോൾ കൂടുതൽ വ്യക്തികളെ സഹായിക്കുവാൻ കഴിയുമെന്നുള്ളതാണ് ഫണ്ട് കമ്മിറ്റിയുടെയും ദാതാവിന്റെയും ആഗ്രഹവും ലക്ഷ്യവും.

വികസിത രാജ്യങ്ങിലേക്ക് ജോലിക്കോ, പഠനത്തിനോ part time ജോലിക്കുമായോ പോകുന്നവർ വായ്പ ആവശ്യമെങ്കിൽ, അവരുടെ വിസയുടെ കോപ്പിയും സ്വന്തം അപേക്ഷയും വായ്പക്ക് അർഹരാണെന്നുള്ള വികാരി അച്ചന്റെ സാക്ഷ്യപത്രവും റാന്നി ഉറഹ ബിഷപ്സ് ഹൗസിൽ എത്തിക്കുമ്പോൾ അഞ്ചംഗ സമിതി കൂടി തീരുമാനം എടുക്കുന്നതാണ്.

**കുറിയാക്കോസ് മോർ ഈവാനിയോസ്**
**മെത്രാപ്പോലീത്ത**
ഉറഹ ബിഷപ്സ് ഹൗസ്,
അങ്ങാടി. പി. ഒ, റാന്നി,
പത്തനംതിട്ട ജില്ല,689 674

## ശുഭചിന്തകൾ

**നാം കാണുന്ന സ്വപ്നങ്ങൾ എല്ലാം യാഥാർത്ഥ്യം ആവില്ലായിരിക്കാം, പക്ഷെ സ്വപ്നം കണ്ടില്ലെങ്കിൽ ഒരു നേട്ടവും സ്വായത്തമാക്കാൻ കഴിയില്ല. അബ്ദുൾ കലാം പറഞ്ഞതുപോലെ നമുക്ക് ഉറക്കത്തിലല്ല, ഉണർന്നിരുന്നു തന്നെ നല്ല നല്ല സ്വപ്നങ്ങൾ കാണാം, അവ സഫലമാക്കാൻ പരിശ്രമിക്കാം.**

## വസ്തു വില്പനയ്ക്ക്

M.C. റോഡിന്റെയും ചിങ്ങവനം പുത്തൻപള്ളിയുടെയും സമീപത്ത് 15 സെന്റ് സ്ഥലം വില്പനയ്ക്ക്
**Contact** . റെജി തെക്കേമഠത്തിൽ, ചിങ്ങവനം
**8089103735**
Fr. Dr. K.P. Jacob മണ്ണുംപുറത്ത്,
**9656671364**



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**4. കുഞ്ഞുങ്ങളെ ഭയപ്പെടുത്തരുത്**

കുഞ്ഞുങ്ങളിൽ അനാവശ്യമായ ഭയം സൃഷ്ടിക്കരുത്. അവരെ അമിതമായി ശാസിക്കുകയോ അതിരുവിട്ട് ശിക്ഷിക്കുകയോ ചെയ്ത് അവരെ ഭയപ്പെടുത്തരുത്. നിങ്ങൾ കുട്ടികളോടു പറയുന്ന മുത്തശ്ശിക്കഥകൾ, യക്ഷിക്കഥകൾപോലുള്ള ഭയം ജനിപ്പിക്കുന്നത് ആകരുത്. അബദ്ധം പിണയാത്തവൻ കുട്ടിയല്ല. കുട്ടിത്തം മാറാത്ത കുട്ടികൾക്കുണ്ടാകുന്ന തെറ്റുകൾ ക്ഷമയോടെ വീക്ഷിക്കുവാൻ നല്ല മാതാപിതാക്കൾക്ക് സാധിക്കും. അനാവശ്യമായി ശിക്ഷിക്കുന്ന മാതാപിതാക്കളെയോർത്തുള്ള ഭയംമൂലം ചെറിയ കാര്യങ്ങൾ ചെയ്യുവാൻപോലും അവർ അശക്തരാകുന്നു. ഭാവിയിൽ ഈ ഭയം അവരെ പിൻതുടർന്ന് മനസ്സിനെ വൈകല്യങ്ങളിലേക്കു നയിച്ചേക്കാം. ശിക്ഷയെ ഭയന്ന് സത്യം മറച്ചുവയ്ക്കുവാൻ നിർബന്ധിതരാകുന്ന കുട്ടികൾ ക്രമേണ നുണപറയുന്നതിൽ വിരുതരായി മാറിയേക്കാം.

സിദ്ധാർത്ഥ് പഠിക്കുവാൻ മാത്രമല്ല കളികളിലും മിടുക്കനാണ്. സ്കൂളിലെ താരമെന്ന് പറയുന്നതിൽ തെറ്റില്ല. അഭ്യസ്തവിദ്യരായ മാതാപിതാക്കളുടെ മൂത്തമകനാണ് സിദ്ധാർത്ഥ്. വിദ്യാസമ്പന്നരായ മാതാപിതാക്കളുടെ മകനായതിനാൽ മകൻ പഠിക്കണമെന്നുള്ള കാർക്കശ്യനിലപാടും മാതാപിതാക്കൾക്കുണ്ടായിരുന്നു. മകൻ സ്കൂൾ വിട്ടുവന്നാൽ കൂടുതൽ സമയവും പഠനത്തിൽ മുഴുകുവാൻ മാതാപിതാക്കൾ നിർബന്ധം പിടിക്കും. ഹൈസ്കൂളിൽ പ്രവേശിച്ചു കഴിഞ്ഞപ്പോൾ ആ നിർബന്ധം വർദ്ധിച്ചു. കളികളിൽ അതീവ തൽപരനായ സിദ്ധാർത്ഥ് സ്കൂൾസമയം കഴിഞ്ഞാൽ കളികൾക്കുവേണ്ടി കുറെ സമയം ചിലവഴിക്കുമായിരുന്നു. മാതാപിതാക്കൾ അതിന് സമ്മതിക്കില്ലെന്ന് അറിയാവുന്നതിനാൽ extra class ഉണ്ടെന്ന് നുണ പറഞ്ഞാണ് കളിക്കുവാൻ നിൽക്കുന്നത്. മാതാപിതാക്കൾ ജോലി കഴിഞ്ഞെത്തുന്നതിന് മുമ്പുതന്നെ വീട്ടിൽ തിരികെയെത്തുകയും ചെയ്യും. മുത്തച്ഛനും മുത്തശ്ശിയും ചെറുമകൻ പറയുന്ന നുണ അപ്പാടെ വിശ്വസിക്കുകയും ചെയ്യും.

നുണ പറച്ചിൽ പിടിക്കപ്പെടാതെ പോയതിനാൽ സർവ്വതിനും നുണ പറയുന്ന ശീലം സിദ്ധാർത്ഥനുണ്ടായി. നുണ പറഞ്ഞാലെ രക്ഷയുള്ളൂ എന്ന തെറ്റിദ്ധാരണ വളർന്ന് ഈ ദുശ്ശീലം അവനിൽ നിന്നും പറിച്ചുമാറ്റാൻ വയ്യാത്ത വിധം വളർന്നു. സ്കൂളിൽ 10-ാം ക്ലാസ്സായപ്പോഴേക്കും 'നുണയൻ സിദ്ധാർത്ഥ്' എന്ന കളിയാക്കിപ്പേര് വീണു. ആവശ്യത്തിനും അനാവശ്യത്തിനും നുണ പറയുന്ന സിദ്ധാർത്ഥിനെ എല്ലാവരും അവിശ്വസിക്കുവാൻ തുടങ്ങി.

ഏറ്റവും അവസാനം സിദ്ധാർത്ഥിന്റെ മാതാപിതാക്കളുടെ ശ്രദ്ധയിൽ ഈ വിഷയം വന്നപ്പോഴാണ് അവർ എന്നെ സമീപിക്കുന്നത്. സിദ്ധാർത്ഥിന് അല്ല, മാതാപിതാക്കൾക്കാണ് ആദ്യം കൗൺസിലിംഗ് ആവശ്യമെന്ന് എനിക്കു ബോധ്യമായി.

സിദ്ധാർത്ഥിന്റെ അച്ചൻ അശോക് ഒരു Nationalized Bank ലെ Assistant Manager ആണ്. അമ്മ ആശ L.I.C. Office ലെ ഉയർന്ന ജീവനക്കാരിയും. രണ്ടുപേരും ചെറുപ്പം മുതലെ കഠിനാദ്ധ്വാനം ചെയ്ത് പഠിച്ച് ഈ നിലയിലെത്തിയവരായതിനാൽ സിദ്ധാർത്ഥും കഠിനാദ്ധ്വാനം ചെയ്യണമെന്ന നിർബന്ധമുള്ളവരായിരുന്നു. പഠിക്കുവാൻ സമർത്ഥനായ മകന് പാഠ്യേതര വിഷയങ്ങളിലും താൽപര്യമുണ്ടെന്ന വസ്തുത ഉൾക്കൊള്ളുവാൻ അവർ തയ്യാറായില്ല. നല്ല മാർക്കു ലഭിച്ചിട്ടും കൂടുതൽ മാർക്കു ലഭിക്കുവാൻ കൂടുതൽ സമയം ചിലവഴിക്കണമെന്ന ശാഠ്യം സിദ്ധാർത്ഥിന്റെ ആഗ്രഹങ്ങളെ തല്ലിക്കെടുത്തുന്നതായിരുന്നു. അതിന് സിദ്ധാർത്ഥ് കണ്ട മാർഗ്ഗമാണ് വീട്ടിലിരിക്കുന്ന സമയം നന്നായി പഠിക്കുക; സ്കൂളിൽ കിട്ടുന്ന സമയങ്ങളിലൊക്കെ നന്നായി കളിക്കുക. സ്കൂളിൽ കൂടുതൽ സമയം കളിക്കണമെങ്കിൽ കള്ളം പറഞ്ഞാലെ സാധിക്കുവെന്ന് സിദ്ധാർത്ഥ് മനസ്സിലാക്കി. തൽഫലമായി ഈ ദുശ്ശീലം വളർന്നതാണ്.

അതുകൊണ്ട് അശോകും ആശയും സിദ്ധാർത്ഥിനെ മനസ്സിലാക്കി അംഗീകരിച്ചാൽ മാത്രമെ നുണ പറയുന്ന ശീല

ത്തിൽ നിന്നും സിദ്ധാർത്ഥിനെ രക്ഷിക്കുവാൻ കഴിയുകയുള്ളൂ എന്ന് അവർ തിരിച്ചറിഞ്ഞു. മാതാപിതാക്കളോടുള്ള ഭയം നിമിത്തമാണ് സിദ്ധാർത്ഥ് കള്ളങ്ങൾ പറഞ്ഞു തുടങ്ങിയത്. മാതാപിതാക്കൾ മകനെ തിരിച്ചറിയുകയും അവന്റെ ഇഷ്ടങ്ങളെ മാനിക്കുകയും ചെയ്തു തുടങ്ങിയപ്പോൾ നുണ അപ്രസക്തമാണെന്ന് സിദ്ധാർത്ഥ് തിരിച്ചറിഞ്ഞു. അതിന്റെ ഫലമോ പാഠ്യവിഷയങ്ങളിൽ മാത്രമല്ല പാഠ്യേതര വിഷയങ്ങളിലും അവന് മികവ് പുലർത്തുവാൻ കഴിഞ്ഞു. ഇന്റർസ്കൂൾ ബാഡ്മിന്റൺ കിരീടം അവൻ പ്രതിനിധാനം ചെയ്ത ടീമിന് ലഭിച്ചപ്പോൾ അവന്റെ സ്കൂളിന് മാത്രമല്ല അവന്റെ മാതാപിതാക്കൾക്കും അവൻ ഒരു താരമായിക്കഴിഞ്ഞു.

കുട്ടികൾ സ്വതന്ത്രചിന്തയുള്ളവരാകുവാൻ ഭയം ഒഴിവാക്കണം. ഭയന്ന് നിലവിളിക്കുന്ന കുഞ്ഞുങ്ങളെ ചേർത്തുപിടിച്ചു ധൈര്യപ്പെടുത്തണം. മാതാപിതാക്കളുടെ ദേഷ്യവും അരിശവും തീരാൻ കുഞ്ഞുങ്ങളുടെമേൽ കുതിരകയറരുത്. "അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്നത് തിരുത്തി കുട്ടിയോട്" എന്നു പറയാം. പലപ്പോഴും മാതാപിതാക്കൾ തമ്മിലുള്ള പ്രശ്നത്തിന് ഇരയാകുന്നത് കുട്ടികളാണ്. നല്ല മാതാപിതാക്കൾ കുഞ്ഞുങ്ങളിലെ ഭയത്തിന്റെ കാരണം തിരിച്ചറിഞ്ഞ് അവരെ ഭയത്തിൽ നിന്നും മോചിപ്പിക്കും.

**5. സൂക്ഷ്മനിരീക്ഷണവും ഉൾക്കാഴ്ചയും**

മാതാപിതാക്കൾക്കുണ്ടായിരിക്കേണ്ട സവിശേഷതയാണ് സൂക്ഷ്മനിരീക്ഷണവും ഉൾക്കാഴ്ചയും. ഇതൊരു വെല്ലുവിളിയാണ്. അതീവജാഗ്രതയുള്ള ശ്രദ്ധാലുക്കളായ മാതാപിതാക്കൾ കുഞ്ഞുങ്ങളെ നിരീക്ഷിക്കുമ്പോൾ അവർ കടന്നുപോകുന്ന വളർച്ചയുടെ പടവുകളെ തിരിച്ചറിയുവാൻ അവർക്കു കഴിയുന്നു. കുഞ്ഞുങ്ങളുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ അവർക്കുണ്ടാകുന്ന മാറ്റങ്ങളെ നിരീക്ഷിക്കണം. അവരുടെ ശാരീരിക മാനസിക വ്യതിയാനങ്ങളെ തിരിച്ചറിയാതെ പോകരുത്. അവരിലെ മാറ്റങ്ങളെ മനസ്സിലാക്കി സമയോചിതമായ നിർദ്ദേശങ്ങൾ നൽകുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹരിക്കുവാൻ അവരെ സഹായിക്കുകയും വേണം.

അവരെ നിരീക്ഷിക്കുമ്പോൾ "മൂന്നാമതൊരു ചെവി" വികസിപ്പിച്ചെടുക്കണം. ഭാഷാപരമായ പരിമിതിയോ അമിതമായ വൈകാരിക സമ്മർദ്ദമോ കാരണം ഒര പക്ഷെ കുഞ്ഞുങ്ങൾക്ക് അവരുടെ കാഴ്ചപ്പാടുകൾ ഫലപ്രദമായി പ്രകടിപ്പിക്കുവാൻ കഴിഞ്ഞെന്നു വരികയില്ല. അവരെ ക്ഷമയോടെ കേൾക്കുവാൻ കഴിയണം.

നമ്മുടെ ചിന്താഗതികളും കാഴ്ചപ്പാടുകളും അവരെ സ്വാധീനിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കണം അതിനാൽ നല്ലത് പറയുവാനും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിയുന്ന മാതാപിതാക്കളാകണം നാം.

കൗമാരദശയിൽ കുട്ടികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അവരുടെ ശാരീരിക വ്യതിയാനങ്ങളാണ്. ആ കാലയളവിൽ കുട്ടികൾ മാനസിക സംഘർഷങ്ങളിലൂടെ കടന്നുപോകും. തന്റെ ശരീരത്തിനുണ്ടായ മാറ്റങ്ങൾ അവരിൽ അത്ഭുതവും ആകാംക്ഷയും വർദ്ധിപ്പിക്കും. മറ്റുള്ള കുട്ടികളുടെ ശാരീരിക വ്യതിയാനങ്ങളുമായി താരതമ്യം ചെയ്യും. ശാരീരിക മാറ്റങ്ങൾ മാനസിക വ്യതിയാനങ്ങളിലേക്കും നയിക്കും. കുട്ടികൾക്കിടയിലെ ചർച്ചയിൽ ചിലർ തനിക്കുള്ളതിനെ പൊലിപ്പിച്ചു പറയുമ്പോൾ അത്രകണ്ട് വളർച്ചയില്ലാത്തവർക്ക് അപകർഷതാബോധവും നിരാശയും ആശങ്കയും ഉണ്ടാകും.

ഇങ്ങനെയുള്ള അവസരങ്ങളിൽ മാതാപിതാക്കൾ വിവേകപൂർണ്ണമായി ഇടപെടണം. പെൺകുട്ടികൾക്ക് ആർത്തവം തുടങ്ങുന്നതിനു മുമ്പ് തന്നെ അമ്മമാർ അതിനെക്കുറിച്ചുള്ള പൂർണ്ണവിവരണം നൽകണം. ശാരീരിക വ്യതിയാനങ്ങൾ പ്രകൃതിദത്തമാണെന്നും ജീവിതത്തിൽ ഇവയൊക്കെ അനിവാര്യമാണെന്നും മക്കളെ പറഞ്ഞ് പഠിപ്പിക്കണം. ഒരു പെൺകുട്ടി അമ്മയാകാൻ പ്രകൃതിയവളെ ഒരുക്കുകയാണെന്നും ഈ വ്യതിയാനങ്ങളെ അഭിമാനത്തോടെ സ്വീകരിക്കണമെന്നും പഠിപ്പിക്കണം. മാതാപിതാക്കൾക്ക് മാത്രമല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ലൈംഗിക വിദ്യാഭ്യാസം നൽകുവാനുള്ള ഉത്തരവാദിത്വമുണ്ട്. ആൺകുട്ടികൾക്ക് രോമവളർച്ചപോലും പലഘട്ടങ്ങളിലായി സംഭവിക്കുന്നു. രോമവളർച്ച താമസിക്കുന്ന ചില കുട്ടികളെ കൂട്ടുകാർ കളിയാക്കുന്നതിന്റെ ഫലമായി അവർ നിരാശരാകാറുണ്ട്. കൗമാരദശയിൽ ആൺകുട്ടികൾ നേരിടുന്ന മറ്റൊരു പ്രശ്നമാണ് സ്വപ്നസ്ഖലനം. കുട്ടികൾ ഇതിനെക്കുറിച്ച് ആരോടും പറയാതിരിക്കയാണ് പതിവ്. കൗമാരപ്രായത്തിലെത്തുന്ന കുട്ടികൾ നേരിടുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് മാതാപിതാക്കൾ നേരത്തെതന്നെ അറിവു പകർന്നു നൽകണം. അവരെ നിരാശയിലേയ്ക്ക് തള്ളിക്കളയരുത്.

മാതാപിതാക്കൾ സൂക്ഷ്മനിരീക്ഷണ പാടവമുള്ളവരാകണം. കുട്ടികൾക്കുണ്ടാകുന്ന മാറ്റങ്ങളെ ഉൾക്കൊള്ളുവാനും അവർക്കു ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും അവർ ശ്രദ്ധാലുക്കളായിരിക്കണം. കൂട്ടുകാർ കൂടുമ്പോൾ ഉണ്ടാകുന്ന ചർച്ചകൾ അനാരോഗ്യപരവും അബദ്ധജഡിലവുമായിരിക്കും. സമപ്രായക്കാരുടെ പരിമിതമായ അറിവുകൾ തെറ്റായ ദിശയിലേക്കായിരിക്കും നയിക്കുന്നത്. മാത്രമല്ല സോഷ്യൽ മീഡിയയിലൂടെയും ഇന്റർനെറ്റിലൂടെയും പകർന്നു കിട്ടുന്ന ലൈംഗിക അറിവുകളും ശരിയായിട്ടുള്ളവയായിരിക്കണമെന്ന് നിർബന്ധമില്ല.അവിടെയാണ് സൂക്ഷ്മനിരീക്ഷണവും ഉൾക്കാഴ്ചയുമുള്ള മാതാപിതാക്കളുടെ ആവശ്യകത. പ്രകൃതിദത്തമായി ലഭിക്കുന്ന വരദാനങ്ങളെ ആദരവോടെ കാണുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ഇന്നത്തെ കുട്ടികൾ ഭാവിയിലെ അച്ചനമ്മമാരാണെന്ന തിരിച്ചറിവ് അവർക്ക് നൽകണം.

ലജ്ജാശീലം കൗമാരദശയുടെ പ്രത്യേകതയാണ്. ലജ്ജ കൂടാതെ അവരുടെ സംശയങ്ങൾ മാതാപിതാക്കളുടെ മുൻപിൽ അവതരിപ്പിക്കുവാൻ ധൈര്യം പകർന്നു നൽകണം. മക്കളുടെ സംശയങ്ങളെ നിസ്സാരവൽക്കരിക്കരുത്. ഗൗരവമായി കാണണം. അവരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം മാതാപിതാക്കളുടെ പക്കൽ ഉണ്ടെന്ന ബോധ്യം അവർക്കുണ്ടാകണം. അങ്ങനെയെങ്കിൽ കൂട്ടുകാരുടെ ചർച്ചാകൂട്ടങ്ങളിൽ ചെന്നു വീഴാതെ അവരുടെ പ്രശ്നങ്ങൾക്ക് ഉത്തരം നൽകുന്ന മാതാപിതാക്കളുടെ അടുക്കൽ അവരെത്തും.

മക്കളെ തിരിച്ചറിയുന്ന, ചേർത്തു പിടിക്കുന്ന പക്വമതികളായ മാതാപിതാക്കളുള്ള മക്കൾ ഒരിക്കലും തെറ്റായ ദിശയിൽ സഞ്ചരിക്കയില്ല. അവരെ നിരീക്ഷിക്കണം. അവരുടെ ചലനങ്ങളെ പഠിക്കണം. അവരിലുണ്ടാകുന്ന സ്വഭാവവ്യതിയാനങ്ങളെ ശ്രദ്ധിക്കണം. അവരുടെ പെരുമാറ്റത്തിലെ വ്യത്യാസങ്ങൾ തിരിച്ചറിയണം. അത് ഉത്തരവാദിത്വമുള്ള മാതാപിതാക്കളുടെ ലക്ഷണങ്ങളാണ്.

# ഇസ്ക്കരിയോത്താ യൂദാസിന്റെ ദാരുണ അന്ത്യം

ടോമി കുറിച്ചി

ഞാൻ യൂദാസിനെ കാണുന്നു. അവൻ തനിയെയാണ്. ഇളം മഞ്ഞനിറത്തിലുള്ള അങ്കിയും ചുവന്ന അരക്കെട്ടും ധരിച്ചിരിക്കുന്നു. യേശു പിടിക്കപ്പെട്ടിട്ട് കുറച്ചു സമയമെ കഴിഞ്ഞിട്ടുള്ളൂ. യേശു ബന്ധിതനായപ്പോൾ ഓടിമറഞ്ഞ യൂദാസും ആഗ്രഹങ്ങളുടെ വൈരുദ്ധ്യത്തിനിടയിൽപ്പെട്ടു കുഴയുന്നു. ഒരുപറ്റം വേട്ടപ്പട്ടികൾ ഓടിക്കുന്ന ഒരു കാട്ടുമൃഗത്തെപ്പോലെയാണ് യൂദാസ് കാണപ്പെടുന്നത്. ഇലകൾ കാറ്റിൽ അനങ്ങുന്ന ശബ്ദം. വഴിയിൽ നിന്നു വരുന്ന എന്തെങ്കിലും ശബ്ദം, ജലധാരയിൽ നിന്നു വെള്ളം ഇറ്റിറ്റു വീഴുന്ന ശബ്ദം എല്ലാം അവനെ ഭയചകിതനാക്കുന്നു. അവൻ ഞെട്ടിത്തിരിഞ്ഞു നോക്കുന്നു; ആരെങ്കിലും അവനെ കൊല്ലാൻ വരുന്നു എന്നപോലെയുള്ള ഭയം. തലതാഴ്ത്തിയാണ് ചുറ്റും നോക്കുന്നത്. മിഴിച്ച കണ്ണുകൾ; എന്നാൽ കാണാൻ പോകുന്നതിനെക്കുറിച്ച് ഭയം. നിലാവിൽ മനുഷ്യരൂപത്തിലുള്ള നിഴലുപോലും ഭയപ്പെടുത്തുന്നു. ഒരു നിമിഷം നിന്നിട്ട് വന്നവഴിയെ തിരിച്ചോടുന്നു. കൂടുതൽ ഇടുങ്ങിയ വഴികളിലേക്കു മാറിമാറി ഓട്ടംതന്നെ. വീണ്ടും എന്തെങ്കിലും ശബ്ദം കേൾക്കുമ്പോൾ പേടിച്ച് തിരിച്ചോടുന്നു.

ലക്ഷ്യമില്ലാത്ത ഈ ഓട്ടം പട്ടണത്തിന്റെ മദ്ധ്യത്തിൽ അവനെ എത്തിച്ചു. ജനത്തിന്റെ അട്ടഹാസം കേട്ടപ്പോൾ അവൻ കായ്ഫാസിന്റെ വീടിനടുത്തെത്തിയിരിക്കുന്നു എന്ന് മനസ്സിലായി. ഇരുകൈകൾ കൊണ്ടും തലയിൽ അമർത്തി, ആ കൂക്കുവിളികളെല്ലാം അവന്റെമേൽ എറിയപ്പെടുന്ന കല്ലുകളെന്നപോലെ; അവൻ ഓടുന്നു. ആ ഓട്ടം അവനെ എത്തിച്ചത് അന്ത്യഅത്താഴം നടത്തിയ ഭവനത്തിന്റെ മുൻപിലാണ്. അവിടെ ഒരു ജലധാരയിൽ നിന്ന് ജലം ഇറ്റിറ്റു വീഴുന്നു. അതിന്റെ ശബ്ദവും കാറ്റൂതുന്നതിന്റെ നേരിയ ശബ്ദവും കൂടെ ഒന്നിച്ചപ്പോൾ അത് അവൻ ഒറ്റിക്കൊടുത്ത ഗുരുവിന്റെ ദീനരോദനം പോലെ അവന് തോന്നിച്ചിട്ടുണ്ടാകും. കാരണം അവൻ ഇരുകരങ്ങൾ കൊണ്ടും ചെവികൾ പൊത്തി ആ സ്വരം കേൾക്കാതിരിക്കുവാൻ, ആ വാതിൽ കാണാതിരിക്കുവാൻ കണ്ണുകൾ അടച്ചു. ഏതാനും മണിക്കൂറുകൾക്കു മുമ്പ് ഗുരുവിനോടൊപ്പം അവൻ ആ വാതിലിലൂടെ അകത്തു പ്രവേശിച്ചതാണ്; കാവൽക്കാർക്ക് ഗുരുവിനെ ഏല്പിച്ചുകൊടുക്കുവാൻ ആ വാതിലിലുടെ പുറത്തിറങ്ങിയതും ആണ്.

അങ്ങനെ കണ്ണും അടച്ച് ഓടിയപ്പോൾ അലഞ്ഞു നടക്കുന്ന ഒരു നായയുമായി കൂട്ടിമുട്ടി. ചാരനിറത്തിൽ രോമങ്ങളുള്ള ഒരു വലിയ നായ്. അതു മുരളുന്നു. ശത്രുവിന്റെ മേൽ ചാടി വീണു കഴിഞ്ഞു. മിന്നുന്ന കണ്ണുകൾ, നീണ്ടപല്ലുകൾ. അവനെ നോക്കി പൈശാചികമായി പല്ലിളിക്കുന്നു. യൂദാസ് കൂവി. പട്ടിയും യൂദാസും നിലത്തുകിടന്നുരുളുന്നു. യൂദാസ് താഴെ പട്ടി മുകളിൽ. രണ്ടുമൂന്നു കടികൊടുത്തിട്ട് അതുപോയി. യൂദാസിന്റെ മുറിവുകളിലൂടെ രക്തം വാർക്കുന്നു. അവന്റെ മേലങ്കി വല്ലാതെ കീറി. നായുടെ ഒരു കടി കിട്ടിയത് യേശുവിന്റെ കവിളിൽ ഏത് ഭാഗത്ത് ചുംബിച്ചുവോ, അവന്റെ മുഖത്ത് അതെ സ്ഥാനത്തു തന്നെ. മുഖത്തുകൂടി രക്തം ഒലിച്ചിറങ്ങുന്നു. അത് അവന്റെ മഞ്ഞയുടുപ്പിന്റെ കഴുത്ത് രക്തനിറമാക്കി. യൂദാസ് കവിൾ തടവിക്കൊണ്ട് നായയെ നോക്കിപ്പറയുന്നു "ബേൽസബൂബ്".

പ്രഭാതത്തിന്റെ വെളിച്ചത്തിൽ അവൻ ഒലിവുമലയുടെ തോട്ടത്തിന്റെ കവാടത്തിലെത്തി. അവൻ സ്ഥലം മനസ്സിലാക്കിയപ്പോൾ ഉച്ചത്തിൽ "വേണ്ട, വേണ്ട" എന്നു പറയുന്നു. പക്ഷേ, അതിനുശേഷം എതിർക്കാൻ കഴിയാത്ത ഏതു ശക്തിയാലാണെന്ന് എനിക്കറിഞ്ഞു കൂടാ. ഏത് പൈശാചിക പ്രേരണയാലോ, അവൻ മുന്നോട്ടു തന്നെ പോകുന്നു. ഈശോ പിടിക്കപ്പെട്ട സ്ഥലം ഏതാണെന്ന് അവൻ അന്വേഷിക്കുകയാണ്. അനേകം പേർ ചവിട്ടി ഇളക്കിയ അടയാളം നിലത്തും, പുല്ല് ചവിട്ടി മെതിക്കപ്പെട്ടതും, നിലത്ത് കുറച്ച് രക്തവും കണ്ടപ്പോൾ അതാണു സ്ഥലമെന്ന് അവനു മനസ്സിലായി. പടയാളിയായ മാർക്കുസിന്റെ കാത് പത്രോസ് അറത്തപ്പോൾ രക്തം വീണതായിരിക്കാം അവിടെ.

അവൻ നോട്ടം തന്നെ നോട്ടം..... പെട്ടെന്ന് ഒരു ക്രൂരമായ സ്വരം കേൾപ്പിച്ചുകൊണ്ട് പിന്നിലേക്ക് ഒരു ചാട്ടം; ഒപ്പം വിളിച്ചുകൂവുന്നു. "രക്തം, രക്തം ആ രക്തം"! അത് അവൻ ചൂണ്ടിക്കാണിക്കുന്നുമുണ്ട്. ആരെയാണാവോ കാണിക്കുന്നത്? കൈനീട്ടി ചൂണ്ടു വിരലുകൊണ്ടാണ് കാണിക്കുന്നത്. വെളിച്ചം കൂടിക്കൂടി വരുന്നു. അവന്റെ മുഖത്തിന് ചാരനിറമായി, ഭീകരമായി, ഒരു ഭ്രാന്തനെപ്പോലെയുണ്ട്. കണ്ണുകൾ വളരെ തുറന്നാണിരിക്കുന്നത്. തിളക്കവും ഉണ്ട്; മാനസിക സമനിലതെറ്റിയതുപോലെയുണ്ട്. മുടി അലങ്കോലപ്പെട്ട് മുഖത്തും, തോളിലുമായി കിടക്കുന്നു. കവിൾ വീർത്ത് അവന്റെ അധരത്തിന് കോട്ടം വരുത്തി വായ്പൊളിച്ച് പല്ലു കാണത്തക്ക വിധമായിട്ടുണ്ട്. വികൃതമായ ഒരു പല്ലിളിക്കൽ, അവന്റെ അങ്കി പറിഞ്ഞു കീറി, രക്തം പുരണ്ട് നനഞ്ഞു ചെളിപിടിച്ച് അവനെ ഒരു ഭിക്ഷുവിന് സമാനമാക്കിയിട്ടുണ്ട്. മേലങ്കിയും കീറിപ്പറിഞ്ഞ് ചെളിയും പിടിച്ച് ഒരു തോളിൽ തൂങ്ങിക്കിടക്കുന്നു. ഇടയ്ക്ക് അത് അവന് ഉടക്കായി തീരുന്നുമുണ്ട്. അവൻ തുടർന്ന് വിളിച്ചു പറയുന്നു. "ആ രക്തം! ആ രക്തം"! ആ രക്തം ഒരു സമുദ്രമായി ഉയർന്ന് അവനെ അതിൽ മുക്കിക്കളയുന്നതുപോലെയാണ് അവന്റെ ഭയവും വിളിച്ചുകൂവലും.

പ്രഭാതം ശരിക്കും പുലർന്നു. എല്ലാം വ്യക്തമായി കാണാം. ഈശോയുടെ മേലങ്കി മടക്കി പാറപ്പുറത്ത് വച്ചിരിക്കുന്നത് യൂദാസ് കാണുന്നു. അവൻ അത് മനസ്സിലാക്കി, അതിന്മേൽ തൊടുവാനാഗ്രഹമുണ്ട്. എന്നാൽ ഭയപ്പെടുന്നു.

അവൻ കൈനീട്ടി; ഉടനെ പിൻവലിച്ചു തൊട്ടുനോക്കണമെന്നാഗ്രഹം. എന്നാൽ വേണ്ടെന്നും ഉണ്ട്. എങ്കിലും മേലങ്കി ആകർഷിക്ക തന്നെ ചെയ്യുന്നു. അവൻ മോങ്ങുന്നു; "വേണ്ട: വേണ്ട'' പിന്നീടു പറയുന്നു ''വേണം സാത്താനാണേ വേണം. എനിക്ക് അതിന്മേൽ തൊട്ടുനോക്കണം. എനിക്കു പേടിയില്ല, എനിക്ക് പേടിയില്ല". പേടിയില്ലെന്നാണ് അവൻ പറയുന്നത്. എന്നാൽ ഭീതി നിമിത്തം പല്ലുകൾ കൂട്ടിയിടിക്കുന്നുണ്ട്. അവൻ വീണ്ടും ശക്തി സംഭരിച്ച് യേശുവിന്റെ മേലങ്കി കയ്യിലെടുക്കുന്നു. പിന്നെ ചിരിയാണ്, ഒരു ഭ്രാന്തന്റെ ചിരി; ഒരു പിശാചിന്റെ ചിരി, ഹിസ്റ്റീരിയായുടെ ചിരി, നിലയ്ക്കാതെയുള്ള ചിരി, കാരണം അവൻ ഭയത്തെ ജയിച്ചു. അവൻ അതു പറയുന്നുമുണ്ട്. ക്രിസ്തുവേ, നീ എന്നെ ഭയപ്പെടുത്തുന്നില്ല. ഇനി എനിക്കു ഭയമില്ല. എനിക്ക് നിന്നെ വളരെയധികം ഭയമായിരുന്നു. കാരണം ഞാൻ വിചാരിച്ചു നീ ഒരു ദൈവവും ശക്തനും ആണെന്ന്. ഇനി ഇപ്പോൾ ഞാൻ നിന്നെ ഭയപ്പെടുന്നില്ല കാരണം നീ ദൈവമല്ല. നീ ഒരു സാധു ഭ്രാന്തനാണ്. ബലഹീനനായവൻ. വഞ്ചന എന്റെ ഹൃദയത്തിലുണ്ടെന്ന് നീ മനസ്സിലാക്കിയതുമില്ല. എന്റെ പേടി; എന്റെ ഭയം ഇന്നലെ സന്ധ്യയ്ക്കുപോലും നീ സംസാരിച്ചപ്പോൾ ഞാൻ വിചാരിച്ചു നിനക്കറിയാമെന്ന്. പക്ഷേ നീ യാതൊന്നും മനസ്സിലാക്കിയില്ല. നീ യാതൊന്നുമല്ല. നീ വിൽക്കപ്പെടുവാൻ സ്വയം അനുവദിച്ചു. ചുംബനം കൊണ്ട് കാണിച്ചു കൊടുക്കപ്പെടുവാനും പിടിക്കപ്പെടുവാനും നീ അനുവദിച്ചു. നിന്റെ ശക്തി നിന്റെ ഉറവിടം: ഹ..ഹാ...ഹ... കോമാളി! സാത്താനാണ് ശക്തൻ. നിന്നെക്കാൾ ശക്തൻ അവൻ നിന്നെ തോൽപ്പിച്ചു. ഹാ..ഹ...ഹാ... പ്രവാചകൻ: മ്ശിഹാ! ഇസ്രായേലിന്റെ രാജാവ്! എന്നിട്ട് നീ എന്നെ മൂന്നുവർഷക്കാലം കീഴ്പ്പെടുത്തിവച്ചു. എപ്പോഴും എന്റെ ഹൃദയത്തിൽ ഭയത്തോടുകൂടെ. എനിക്ക് ജീവിതം ആസ്വദിക്കണമെന്ന് തോന്നിയപ്പോഴെല്ലാം സൂത്രത്തിൽ കള്ളം പറഞ്ഞ് നിന്നെ ചതിക്കയായിരുന്നു. ഞാൻ പ്രയോഗിച്ച സൂത്രങ്ങളൊന്നും കൂടാതെ തന്നെ ഞാൻ മോഷ്ടിക്കയും അവിഹിത സംഭോഗങ്ങളിലേർപ്പെടുകയും ചെയ്തിരുന്നെങ്കിലും നിനക്ക് എന്നോട് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. ചുണകെട്ടവൻ! വിഡ്ഢി! ഭീരു! ഇന്നാ! ഇതു പിടിച്ചോ! ഇതു പിടിച്ചോ! ഇത് പിടിച്ചുകൊള്ളൂ! ഇപ്പോൾ എന്റെ പ്രതികാരം തീർക്കുവാൻ നിന്റെ മേലങ്കിയോട് ഞാൻ ചെയ്യുന്നത് നിന്നോടു ചെയ്യാതിരുന്നത് എന്റെ തെറ്റായിപ്പോയി. നീ എന്നെ ഭയത്തിന്റെ അടിമയാക്കി വച്ചിരിക്കുന്നു. ഒരു മുയലിനെപ്പോലെ പേടിക്കുന്നവനായി... ഇത് പിടിച്ചോളു! ഇവിടെ ഇതാ......ഇതു പിടിച്ചോ.

ഓരോ പ്രാവശ്യവും ഇത് പിടിച്ചോ എന്നു പറയുമ്പോൾ അവൻ മേലങ്കിയിന്മേൽ കടിക്കുകയാണ്. അത് വലിച്ചു കീറാൻ ശ്രമിക്കുന്നു. കൈയ്യിൽ പിടിച്ച് അത് ഉടയ്ക്കുന്നു. എന്നാൽ അങ്ങനെ ചെയ്തു കൊണ്ടിരിക്കുമ്പാൾ അതിന്റെ മടക്കുകൾ നിവർന്നു. അതിൽ പറ്റിയ ഉണങ്ങാത്ത രക്തക്കറ കാണുന്നു. യൂദാസ് ആ രക്തത്തിൽ തുറിച്ചു നോക്കുന്നു: അതിൽ തൊട്ടു നോക്കുന്നു. മണത്തു. അത് രക്തം തന്നെയാണ്. അവൻ മേലങ്കി പൂർണ്ണമായി നിവർത്തു. മേലങ്കി എടുത്ത് മുഖത്ത് അമർത്തിയപ്പോൾ ഈശോയുടെ ഇരു കരങ്ങളുടെയും അടയാളം അതിൽ പതിഞ്ഞിരിക്കുന്നു. അതും തെളിഞ്ഞു കാണുന്നു.

ആ .....രക്തം.....രക്തം..... അവന്റെ അല്ല. യൂദാസ് മേലങ്കി താഴെയിട്ടു ചുറ്റും നോക്കുന്നു. പാറയിലും രക്തത്തിന്റെ അടയാളം കാണുന്നു. ദൈവദൂതൻ ആശ്വസിപ്പിച്ച സമയത്ത് യേശു ആ പാറമേൽ ചാരിയിരിക്കുകയായിരുന്നു. യേശുവിന്റെ പുറത്തു നിന്ന് രക്തം അതിന്മേൽപ്പറ്റി, അത് കട്ടയായിട്ടുണ്ട് "അവിടെ രക്തം! രക്തം! രക്തം!" കാണാതിരിക്കുവാൻ അവൻ കണ്ണുകൾ താഴ്ത്തുന്നു. അപ്പോൾ താഴെ പുല്ലിൽ രക്തകണങ്ങൾ അവിടവിടെയായി കാണുന്നുണ്ട്. മഞ്ഞുതുള്ളികൾ വീണ് അവ അലിഞ്ഞതിനാൽ അപ്പോൾ വീണ രക്തംപോലെ തോന്നിക്കുന്നു. പുല്ലിന്മേൽ അത് ധാരാളമായി കാണുന്നു. "വേണ്ട.. വേണ്ട.. എനിക്ക് അത് കാണേണ്ട. ആ രക്തത്തിന്മേൽ എനിക്ക് നോക്കുവാൻ കഴിയുന്നില്ല! സഹായിക്കണോ?'' അവൻ തൊണ്ടയ്ക്ക് പിടിച്ച് ഞെരുക്കുന്നു. തപ്പി തപ്പി നടക്കുന്നു. രക്തക്കടലിൽ മുങ്ങിച്ചാകുന്നതുപോലെയുള്ള പരാക്രമങ്ങൾ കാണിക്കുന്നു. പിന്നിൽ! പിന്നിലേക്ക്... എന്നെ വിടൂ! ശപിക്കപ്പെട്ടത്! പക്ഷേ ഈ രക്തം ഒരു കടലാണ്. അത് ഭൂമിയെ മൂടുന്നു. ഭൂമിയെ! ഈ ഭൂമിയെ! ഭൂമിയിൽ എനിക്ക് ഒട്ടും സ്ഥലമില്ല. കാരണം ഭൂമിയെ മൂടുന്ന ആ രക്തത്തിന്മേൽ നോക്കുവാൻ എനിക്കു കഴിയുന്നില്ല. കുറ്റമില്ലാത്തവന്റെ കായേനാണു ഞാൻ. എനിക്കു തോന്നുന്നത് ആത്മഹത്യ എന്ന ആശയം ഈ സമയത്താണ് അവന് തോന്നിയത് എന്നാണ്. യൂദാസിന്റെ മുഖം ഭയം ജനിപ്പിക്കുന്നു.

അവൻ നിന്നിരുന്ന തട്ടിൽ നിന്ന് ചാടി വൃക്ഷങ്ങൾക്കിടയിലൂടെ വേറൊരു ദിശയിലേക്ക് ഓടുന്നു. അവനെ ആക്രമിക്കാൻ വരുന്ന ഏതോ കാട്ടുമൃഗത്തിൽ നിന്ന് രക്ഷപെടാൻ ഓടുന്നതുപോലെയുള്ള ഭീതിയിൽ വേഗത്തിൽ ഓടുകയാണ്. പട്ടണത്തിൽ തിരിച്ചെത്തി. മേലങ്കികൊണ്ട് ആവുന്നത്ര സ്വയം മൂടി നേരെ ദൈവാലയത്തിലേക്കു പോകുന്നു. പോകുന്നവഴി അവൻ എത്തിയത് യേശുവിനെ കൊണ്ടുപോകുന്ന ആൾക്കൂട്ടത്തിന്റെ മുൻപിലാണ്. അവന് അതിൽ നിന്ന് പിന്മാറാൻ കഴിയുന്നില്ല. കാരണം ആൾക്കാൾ അവനെ നോക്കുവാൻ പിന്നിലും വന്നുകൂടി. അവന് പൊക്കമുള്ളതിനാൽ അവന് യേശുവിനെ കാണാൻ കഴിഞ്ഞു. യേശുവിന്റെ കണ്ണുകൾ അവൻ കാണുന്നു. ഒരു നിമിഷം പരസ്പരം നോക്കി. പിന്നെ ബന്ധിതനായ, പ്രഹരിക്കപ്പെടുന്ന യേശു കടന്നുപോയി. യൂദാസ് ബോധക്ഷയം വന്നതുപോലെ പിന്നിലേക്കു മറിഞ്ഞു വീണു. ജനം ഒരു കാരുണ്യവും കൂടാതെ അവനെ ചവിട്ടി നടന്നുപോകുന്നു. അവന് പ്രതികരണമൊന്നുമില്ല. ആ കണ്ണുകൾ കാണുന്നതിനെക്കാൾഭേദം ലോകം മുഴുവനും അവന്റെ മേൽ ചവിട്ടി നടക്കുന്നതാണെന്ന് അവൻ വിചാരിക്കുന്നുണ്ടാകാം.

ആ കൊലയാളിക്കൂട്ടം രക്തസാക്ഷിയെയുംകൊണ്ട് കടന്നുപോയിക്കഴിഞ്ഞ്, വഴി വിജനമായപ്പോൾ യൂദാസ് എഴുന്നേറ്റു ദൈവാലയത്തിലേക്ക് ഓടി. ദൈവാലയ വളപ്പിനുള്ളിലേക്കുള്ള ഒരു കവാടത്തിൽ കാവൽ നിൽക്കുന്ന ഒരുവനെ അവൻ തള്ളി മറിച്ചിട്ടു; അപ്പോൾ ഭ്രാന്തുപിടിച്ച ഇവനെ തടയുവാൻ മറ്റു കാവൽക്കാർ ഓടിയടുത്തു. എന്നാൽ കോപാക്രാന്തനായ ഒരു കാളക്കൂറ്റനെപ്പോലെ അവൻ എല്ലാവരേയും തുരത്തിയോടിച്ചു. സൻഹെദ്രീൻ സഭ കൂടിയിരിക്കുന്ന സമയമായതിനാൽ അവിടേയ്ക്ക് ഇവൻ കടക്കാതിരിക്കുവാൻ ഒരു കാവൽക്കാരൻ തടയുന്നു. അവന്റെ തൊണ്ടയ്ക്ക് പിടിച്ച് ഞെരിച്ച് അവനെ ഉരുട്ടി മൂന്നു പടികൾ താഴേക്കു യൂദാസ് മറിച്ചിട്ടു. അയാൾ മരിച്ചിട്ടില്ലെങ്കിലും മരണത്തിന്റെ വക്കിലെത്തിയിട്ടുണ്ട്.

*(തുടരും)*

# കൊഹനെ ഞായർ

ലീലാമ്മ ഏബ്രഹാം, പാലക്കുടി, കുഴിമറ്റം

വാങ്ങിപ്പോയ മഹാപുരോഹിതന്മാരെയും, ശെമ്മാശന്മാരെയും ഓർക്കുന്ന ദിവസമാണല്ലോ കൊഹനെ ഞായർ. അന്നേ ദിവസം വായിക്കുന്ന വേദഭാഗം മത്തായി എഴുതിയ സുവിശേഷം 24:45-51 വരെയുള്ള ഭാഗങ്ങളാണല്ലോ. യജമാനൻ തന്റെ വീട്ടുകാർക്ക് തക്കസമയത്ത് ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെ മേൽ ആക്കിവെച്ച വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ ആർ. ഇത് പുരോഹിതന്മാരോട് മാത്രമല്ല നാം ഉൾപ്പെടുന്ന രാജകീയ പുരോഹിത വർഗ്ഗത്തോടു മുഴുവൻ ചോദിക്കുന്ന ഒരു ചോദ്യമാണ്. ഒരു ഉപമയിലൂടെയാണ് കർത്താവ് ഇത് പറഞ്ഞിരിക്കുന്നത്. കർത്താവായ യജമാനൻ ദൂരയാത്രപോയിരിക്കുന്നത് തന്റെ പിതാവിന്റെ സന്നിധിയിലേക്കാണ്. ഈ ഉപമയിലൂടെ 2 തരത്തിലുള്ള ദാസന്മാരെ ഇവിടെ കാണാൻ സാധിക്കും.

1) ദൈവ ഇഷ്ടം പ്രവർത്തിക്കുന്ന വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ.

2) അലസനും സ്വന്തഇഷ്ടം നോക്കി നടക്കുന്നവനുമായ ദുഷ്ടദാസൻ.

തന്റെ നാഥന്റെ വാക്ക് പൂർണ്ണമായി വിശ്വസിക്കുകയും തന്നെ ഏല്പിച്ച ദൗത്യങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കുകയും 2-ാമത്തെ വരവിനുവേണ്ടി ക്ഷമയോടെ കാത്തിരിക്കുന്നവനുമാണ് വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ. ഇങ്ങനെയുള്ളവരാണ് കർത്താവിന്റെ വരവിൽ മണവാളനോടു ചേർക്കപ്പെടുന്നതും പ്രതിഫലം കൊടുക്കുകയും ചെയ്യുന്നത്.

ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും, ജനത്തെ നേർവഴി നടത്തുന്നതിനും, ലോകം മുഴുവൻ സുവിശേഷം അറിയിക്കുന്നതിനുംവേണ്ടി വിളിച്ചു വേർതിരിച്ച സമൂഹമാണ് ക്രൈസ്തവ സമൂഹം. ഇതിനായിട്ടാണ് ക്രിസ്തു സഭ സ്ഥാപിച്ചത്. ഏഴല്ല എഴുപതുവട്ടം ക്ഷമിക്കണമെന്നാണ് കർത്താവ് സഭയോട് പറഞ്ഞിരിക്കുന്നത്.

**ഒരു പുരോഹിതൻ ആരാണ്?**

പുരോഭാഗത്ത് നിൽക്കുന്നവൻ അഥവ ജനത്തിന്റെ മുമ്പിൽനിന്നുകൊണ്ട് ദൈവത്തിൽനിന്ന് കൃപകൾ വാങ്ങി തന്റെ ജനത്തിനു നല്കുന്ന ആളാണ് പുരോഹിതൻ. വിലതീരാത്ത നൽവരമാണ് പട്ടത്വം. തന്നെ ഏല്പിച്ചിരിക്കുന്ന താലന്തുകൾ വ്യാപാരം ചെയ്ത് യജമാനനെ ഏല്പിക്കുക എന്നതാണ് പുരോഹിതന്റെ ദൗത്യം. ഏതു സമയത്തും ഒരുവൻ ഭക്ഷണം ആവശ്യപ്പെട്ടാൽ അത് നിവൃത്തിച്ചുകൊടുക്കുന്നവനായിരിക്കണം ഒരു പുരോഹിതൻ. ഓരോ പ്രായത്തിനും അനുസരിച്ചുള്ള ആത്മീയ ഭക്ഷണം കൊടുക്കുന്നവനായിരിക്കണം. എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുന്നതാണ് എന്റെ ഭക്ഷണം എന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു. തിരുശരീരരക്തങ്ങളാകുന്ന ഭക്ഷണം കൊടുക്കുന്നവരാണ് പുരോഹിതൻ. അതുപോലെ തന്നെ തിരുവചനമാകുന്ന ഭക്ഷണവും കൊടുക്കുന്നവരാണ് പുരോഹിതർ. അവ തേനിനേക്കാളും തേൻകട്ടയെക്കാളും മധുരമുള്ളത്. ഇനിയും ലൗകിക ഭക്ഷണം കൊടുക്കുവാനുമുള്ള ചുമതലയുമുണ്ട്. നിന്റെ സഹോദരൻ ക്ഷീണിതനായി നിന്റെ സമീപത്ത് ഉണ്ടെന്നറിഞ്ഞാൽ അവനെ സംരക്ഷിച്ചു കൊള്ളണം. നിന്റെ ഇടവകയിൽ ആരും മുട്ടുള്ളവനായിരിക്കരുത്. ആദിമസഭയിൽ ഇങ്ങനെ ആയിരുന്നു. എല്ലാം പൊതുവക എന്ന്, എണ്ണിയിരുന്നു എന്ന് അപ്പ. പ്രവ. 4-ൽ കാണുന്നു. ഒരു വിശ്വാസിയുടെ വിശ്വാസത്തിനുപോലും കോട്ടം സംഭവിക്കുവാൻ ഒരു പുരോഹിതൻ കാരണക്കാരനാകരുത്.

വിശ്വസ്തദാസർ തന്റെ യജമാനൻ എപ്പോൾ വന്ന് തങ്ങളുടെ പ്രവർത്തികളുടെ കണക്കു ചോദിച്ചാലും കൊടുക്കാൻ ഒരുങ്ങി ഇരിക്കുന്നവരായിരിക്കണം. ഒരു ശിശുവിനെ സഭയിലേക്ക് ചേർക്കുന്നതു മുതൽ കർത്ത്യസന്നിധിയിലേക്ക് എടുക്കുന്നതുവരെയുള്ള കൗദാശിക ശുശ്രൂഷ മുഴുവൻ നടത്തുന്നവരാണ് പുരോഹിതൻ. പാപം മോചിക്കാനുള്ള അധികാരവും ക്രിസ്തു പുരോഹിതന്മാർക്കാണ് നല്കിയിരിക്കുന്നത്. നിങ്ങൾ ഭൂമിയിൽ കെട്ടുന്നത് സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും. അവരുടെ ശുശ്രൂഷയുടെ ശ്രേഷ്ഠത അത്രമാത്രം പ്രാധാന്യം അർഹിക്കുന്നതാണ്. എബ്രാ. 13:7ൽ ഇപ്രകാരം കാണുന്നു. നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നടത്തിയവരെ ഓർത്തുകൊൾവിൻ അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ. ഇങ്ങനെ ജീവിക്കുന്നവരാണ് വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ. ഇവർക്കുള്ള പ്രതിഫലം സ്വർഗ്ഗത്തിലാണ്. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ ലോകസ്ഥാപനത്തിനു മുമ്പേ ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കി കൊൾവിൻ എന്ന വിളി കേൾക്കാൻ ഇങ്ങനെയുള്ളവർക്കു സാധിക്കും.

ഇനിയും 2-ാമത്തെ ദാസരോട് പറയുന്നതുകൂടി കേൾക്കാം. ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും സമൂഹത്തെ നേർവഴിയിൽ നയിക്കുന്നതിനും വിളിച്ചു വേർതിരിച്ച ക്രൈസ്തവ സമൂഹം ഇന്ന് തങ്ങളെ ഏല്പിച്ചിരിക്കുന്ന ദൗത്യം മറന്ന് മറ്റു പലതിനും മുൻഗണന നല്കി ജീവിക്കുന്നതായി കാണാം. ഇവർ സ്വത്തു സമ്പാദനത്തിനും, സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും, ആചാരാനുഷ്ഠാനങ്ങൾക്കും, തങ്ങളുടെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടാതിരിക്കാനും ഓടി നടക്കുന്നതുകൊണ്ട് സഭയിലും മറ്റും അന്തഛിദ്രങ്ങളും കലഹങ്ങളും ഉണ്ടാകുകയും അവർ തക്ക ശിക്ഷ വാങ്ങുകയും ചെയ്യുന്നു. കർത്താവ് ഉടനെ വരുകയില്ല എന്നു പറഞ്ഞ് അലസരായി നടക്കുന്ന ദുഷ്ടദാസരോട് ഇവരെ ഉപമിക്കാം. കർത്താവ് യാത്ര കഴിഞ്ഞ് മടങ്ങി വരുമ്പോൾ തങ്ങളെ ഏല്പിച്ച താലന്തു കുഴിച്ചിട്ട പരീശന്മാരെ വിളിച്ചപോലെ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളികളവിൻ എന്നുള്ള വിളിയായിരിക്കും കേൾക്കുക. മത്താ. 25:30 അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും എന്ന് ഓർക്കുക.

വാങ്ങിപ്പോയ പുരോഹിതന്മാരുടെ ഓർമ്മ നടത്തുന്ന വേളയിൽ അവർ നമുക്കു ചെയ്ത സേവനം, സമർപ്പണം,

അവർ അർപ്പിക്കുന്ന കൂദാശകളുടെ ശ്രേഷ്ഠത എല്ലാം ഓർക്കണം. അവർ ശുശ്രൂഷിച്ച ഓരോ ഇടവകയ്ക്കും കൃപയുടെ നീർച്ചാലുകൾ ഒഴുക്കിത്തന്നിട്ടാണ് ദൈവസന്നിധിയിലേക്ക് പോയിരിക്കുന്നത്. അവർക്കുവേണ്ടി പ്രാർത്ഥിപ്പാൻ നാം കടപ്പെട്ടവരാണ്. വാങ്ങിപ്പോയ മഹാപുരോഹിതന്മാരുടെ ഓർമ്മ ദിവസത്തിൽ പ്രാർത്ഥിക്കുന്ന ഹൃദയ സ്പർശിയായ ഒരു പ്രാർത്ഥന ഉണ്ട്. അതിൽ ഇപ്രകാരം ഒരു ഭാഗമുണ്ട്. "സഭയുടെ മുന്തിരിത്തോട്ടത്തിൽ പ്രഭാതം മുതൽ സന്ധ്യയോളം വേല ചെയ്തവരെ തേജോമയമായ തന്റെ ശോഭ കണ്ട് ആനന്ദിക്കുവാൻ തിരുസന്നിധിയിലേക്ക് എടുക്കുന്ന കാരുണ്യവാനായ കർത്താവിനു സ്തുതി."

അവരുടെ ജീവിതത്തിൽ എന്തെങ്കിലും കുറവുകളോ, കുറ്റങ്ങളോ വന്നിട്ടുണ്ടെങ്കിൽ അവർക്കു മാപ്പു കൊടുക്കണമേ, ക്ഷമിക്കണമേ എന്ന് ദൈവ സന്നിധിയിൽ നമുക്ക് പ്രാർത്ഥിക്കാം. യേശു തമ്പുരാൻ എപ്പോൾ കടന്നു വന്നാലും വിശ്വസ്തതയുടെ കണക്കു കൊടുക്കത്തക്കവണ്ണം കടന്നുപോയ വന്ദ്യ വൈദികരുടെ പാത പിൻ തുടർന്ന് ജീവിക്കാൻ നമുക്കും ഇടയാകട്ടെ. ഈ ലോകത്തിൽ ജീവിക്കുമ്പോൾ, കുടുംബമായും, സമൂഹമായും, ഇടവകയായും സഭയായും ദൈവത്തിന്റെ വരവിനുവേണ്ടി ക്ഷമയോടെ കാത്തിരുന്ന് അവന്റെ വരവിൽ നല്ല പ്രതിഫലം വാങ്ങുവാൻ നമുക്കും ഇടയാകട്ടെ.

---

*കവിത*

# കൊറോണയെന്ന ദുഷ്ടപിശാച്

**അനിയച്ചൻ അറയ്ക്കൽ, ചിങ്ങവനം**

ഹേയ് കൊറോണാ വൈറസെ ഇത്രയും കാലം
നീ എവിടെ ഒളിച്ചിരുന്നു
നിന്നെത്തേടി ഞങ്ങളാരും വന്നില്ല
നീ ഞങ്ങളെത്തേടി ഈ ഭൂമിയിൽ വന്നു

നീ ഭൂമിയിൽ പിറന്നപ്പോൾ തന്നെ
ലോകശാസ്ത്രജ്ഞന്മാരെല്ലാം പറഞ്ഞു
ഇവൻ അപകടകാരിയാണ്, ഭയപ്പെടേണം
ലോക ജനതയെ മുഴുവൻ കൊന്നൊടുക്കുമെന്ന്

അന്ന് ആരുമത് വിശ്വസിച്ചില്ല, കാര്യമാക്കിയില്ല
നാളുകൾക്കുള്ളിൽ ലോകം മുഴുവൻ പടർന്ന്
ജനങ്ങളെല്ലാം ചികിത്സ തേടി,
ആശുപത്രികളിൽ അഭയം പ്രാപിച്ചു

ഈ വൈറസിനെ കോവിഡെന്നും ചിലർ
കൊറോണ എന്നും പേർ ചൊല്ലി വിളിച്ചു
ഈ വൈറസിനുള്ള മരുന്നുകൾ കണ്ടുപിടിക്കാതെ
മനുഷ്യരെല്ലാം കൂട്ടത്തോടെ ലോകം വിട്ടുപോയി.

വൈദ്യശാസ്ത്രജ്ഞന്മാർ പരീക്ഷണങ്ങൾ നടത്തുന്നു
ലോകം മുഴുവൻ ജനങ്ങൾ മരിച്ചു വീഴുന്നു
ദുഃഖവും, കരച്ചിലും, മരണവും ഒരു ഭാഗത്ത് മരണ ഭയ
ത്താൽ നെട്ടോട്ടം ഓടുന്ന മനുഷ്യൻ വേറെയും
ഹെയ് കൊറോണ വൈറസേ നിന്നെ എന്ത് പേർ
ചൊല്ലി വിളിയ്ക്കണം

ദുഷ്ട പിശാച് എന്ന് വിളിയ്ക്കണോ?
അതോ രക്ത രക്ഷസ് എന്ന് വിളിയ്ക്കണോ?
ചൈനയിലെ കെട്ടുറപ്പില്ലാത്ത വുഹാൻ ലാബിൽ നിന്നും
നീ പുറത്തു ചാടിയെന്ന് മാധ്യമങ്ങളിൽ വായിച്ചറിഞ്ഞു
നീ ഇത്ര അപകടകാരിയാണെന്ന് അന്ന് ഞങ്ങൾക്കാർക്കും
മനസ്സിലാക്കാൻ സാധിച്ചില്ല.
എത്രയോ ലക്ഷം ജനങ്ങളെ കൊന്നൊടുക്കി
രക്തം ഊറ്റി കുടിച്ചിട്ടും നിനക്ക് തൃപ്തിയായില്ലെ?
ഇന്നും ലോകം മുഴുവൻ വിലസി നടന്ന്
പല പേരുകളിൽ മനുഷ്യരെയെല്ലാം കൊന്നൊടുക്കുന്നു.

എത്രയോ മാതാപിതാക്കളെ കൊന്നൊടുക്കി
എത്രയോ മാതാപിതാക്കളെ അനാഥരാക്കി

എത്രയോ പുരുഷന്മാരെ കൊന്നൊടുക്കി
എത്രയോ സ്ത്രീകളെ വിധവകളാക്കി
എന്നിട്ടും നിനക്ക് തൃപ്തിയായില്ലെ?

മക്കളെ നഷ്ടപ്പെട്ട മാതാപിതാക്കളും
സഹധർമ്മിണികളെ നഷ്ടപ്പെട്ട ഭർത്താക്കന്മാരും
ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും
എന്ന മനസ്സുമായി ഇന്നും ജീവിക്കുന്നു.

ദുഷ്ട പിശാചെ നിന്നെ ഭയന്ന്
ഇന്നും ലോകം മുഴുവൻ വിറങ്ങലിച്ചു നിൽക്കുന്നു
സഞ്ചാര സ്വാതന്ത്ര്യമില്ല, മനുഷ്യ ബന്ധങ്ങളില്ല
സംസാരിക്കുവാൻപോലും മനുഷ്യൻ മടിക്കുന്നു.

ഹേയ് ദുഷ്ടപിശാചെ, രക്തരക്ഷസ്സെ
നിന്നെ കാണുവാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല
നിന്നെ കാണുവാൻ സാധിച്ചാൽ കെട്ടിയിട്ട്
കത്തിച്ച് ചാമ്പലാക്കി നദിയിൽ ഒഴുക്കിടും

ഞങ്ങളിൽ നിന്നും വേർപെട്ടുപോയ
സ്വന്തക്കാർ, ബന്ധക്കാർ, കൂട്ടുകാർ ഏവരേയും
കാണുവാനോ, മരണകർമ്മങ്ങൾ ചെയ്യാതെ
രക്ത രക്ഷസ്സേ നീ ഞങ്ങളെ അകറ്റി നിർത്തി

നഷ്ടപ്പെട്ട മാതാപിതാക്കൾക്കോ, മക്കൾക്കോ
ഭാര്യമാർക്കോ, ഭർത്താക്കാന്മാർക്കോ ഒരന്ത്യ ചുംബനം
പോലും നൽകാൻ സാധിക്കാതെ ഞങ്ങൾ
കത്തിക്കരിഞ്ഞ ഹൃദയവുമായി തേങ്ങി നടക്കുന്നു.
നീ മറഞ്ഞിരുന്നു ഞങ്ങളെ കൊഞ്ഞനം കാട്ടിച്ചിരി
ക്കുന്നുവോ,
ഞങ്ങളുടെയുള്ളിൽ പ്രതികാരത്തിന്റെ അഗ്നി ആളി
ആളി കത്തുന്നു
ദുഷ്ട പിശാചെ നിന്റെ അന്ത്യകാലമടുത്തു
ഇനിയും നീ അധികകാലം ജീവിക്കയില്ല

ജീവനുള്ള ദൈവത്തെ വിളിച്ച് ജീവിക്കുന്ന
ഞങ്ങൾക്ക് നീ വെറും ഒരു തൃണം മാത്രം
ആ ദൈവം നിന്നെ ഭൂമിയിൽ ഇല്ലാതാക്കി
ആ കർത്തന്റെ ചിറകടിയിൽ എന്നെന്നും ഞങ്ങൾ
സുഖമായി വസിക്കും.




ഫാ. ബിൻസു ഏബ്രഹാം,
വരാച്ചേരിൽ പുത്തൻപറമ്പിൽ

**നോമ്പിലെ 4–ാം ഞായർ**
**ക്നായ്ത്തൊ ഞായറാഴ്ച (വി.മത്താ. 15:21–31)**

നോമ്പിന്റെ ഞായറാഴ്ചകളിൽ പ്രധാനപ്പെട്ട അത്ഭുതങ്ങളെയും ഉപമകളെയും ധ്യാനത്തിനും പഠനത്തിനും ആയി ക്രമീകരിച്ചിരിക്കുന്നത് ഏറെ അനുഗ്രഹീതമാണ്. കനാൻകാരിയുടെ മക്കളെ സൗഖ്യമാക്കിയതാണ് ഇന്നത്തെ ചിന്താവിഷയം. യേശുക്രിസ്തു എല്ലാവരുടെയും ദൈവമാണെന്നും അവിടെ വേർതിരിവുകൾ ഇല്ലെന്നും ഇവിടെ മനസ്സിലാക്കുന്നു.

ഭൂതബാധിതമായ അവസ്ഥ പാപത്തിന്റെ മറ്റൊരു സ്വഭാവത്തെയാണ് കാണിക്കുന്നത്. ബുദ്ധി നശിച്ച് ചെയ്യുന്നത് എന്ത് എന്ന് തിരിച്ചറിയാതെ പ്രവർത്തിക്കുന്നു. പാപത്തിൽ വീണുപോയ മനുഷ്യന് തന്റെ പ്രവർത്തികൾ തിരിച്ചറിയുവാൻ സാധ്യമല്ല. തന്റെ പ്രവർത്തികൾ പാപമാണെന്ന് വിശ്വസിക്കുവാനും സാധ്യമല്ല. ക്രിസ്തു ക്രൂശിൽ വെച്ചു പ്രാർത്ഥിച്ചതും ഇതു വെളിവാക്കുന്നുണ്ട്. (ലൂക്കോ. 23:34) "പിതാവേ ഇവരോട് ക്ഷമിക്കണമേ, എന്തെന്നാൽ ഇവർ എന്താണ് ചെയ്യുന്നത് എന്ന് ഇവർ അറിയുന്നില്ല. പക്ഷവാതക്കാരനെ സൗഖ്യമാക്കിയത് കൊണ്ടുവന്നവരുടെ വിശ്വാസം കൊണ്ടാണെങ്കിലും അദ്ദേഹത്തെ ദൈവസന്നിധിയിൽ കൊണ്ടുവരുകയുണ്ടായി. ഇവിടെ ഭൂതബാധിതനായ കുട്ടിയെ കാണാതെ സൗഖ്യം ആക്കുമ്പോൾ മാതാപിതാക്കളുടെ വിശ്വാസം മക്കളുടെ അനുഗ്രഹത്തിന് കാരണമാകുന്നു എന്ന് വെളിവാക്കുന്നു.

യഹൂദർ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം ആയിരുന്നതിനാൽ പുറജാതികളെ അടിമകളും നായ്ക്കളുമായി യഹൂദ ജനത കണക്കാക്കിയിരുന്നു. പുറജാതികളുടെ പ്രതിനിധിയായി ഈ ക്രിസ്തുവിന്റെ മറുപടിയിലെ ഫലിതം ഗ്രഹിക്കുവാനും അതിന് ചേർന്നു പ്രത്യാശയോടെ മറുപടി കൊടുക്കുവാനും സാധിക്കുമ്പോൾ അവളുടെ ജ്ഞാനം വഴിയായി ക്രിസ്തുവിന്റെ മേശയിൽനിന്നു നന്മയെ സ്വീകരിക്കുവാൻ സാധിക്കുന്നു.

പ്രിയരെ ഈ നോമ്പിന്റെ നാളുകളിൽ സാത്താനും പാപവും ഏതു വിധത്തിൽ നമ്മെ ഉപദ്രവിക്കുന്നു എന്ന് ആത്മപരിശോധന നടത്തി ദൈവസ്വരൂപമായ നമ്മൾ നഷ്ടപ്പെടുത്തിയ കഴിവുകളെ വീണ്ടെടുക്കുകയും പൈശാചിക സ്വഭാവങ്ങളെ ഉപേക്ഷിക്കുകയും ചെയ്യണം. കാനാൻ കാരിയായ ആ അമ്മ തന്റെ മക്കളെ പിശാചിൽ നിന്നും വീണ്ടെടുക്കുവാൻ പ്രയത്നിച്ചതുപോലെ പ്രാർത്ഥനയോടും, വിശ്വാസത്തോടും പ്രത്യാശയോടും മക്കളെ ക്രിസ്തുവിൽ വളർത്തുവാനും, സഭയുടെ സത്യവിശ്വാസത്തിൽ മക്കളെ സജീവരാക്കാനും മാതാപിതാക്കന്മാർ ഉത്സുകരായിരിക്കണം.

**നോമ്പിലെ 5–ാം ഞായർ**
**ക്പിപ്ത്തോ ഞായറാഴ്ച (കൂനിയായ സ്ത്രീ)**
**(വി.ലൂക്കോ. 13:10–171)**

പതിനെട്ടു സംവത്സരമായി രോഗാത്മാവ് ബാധിച്ച കൂനിയായിരുന്ന സ്ത്രീയെ ക്രിസ്തു സൗഖ്യമാക്കിയതാണ് ഇന്നത്തെ ചിന്താവിഷയം. പാപഭാരത്താൽ ആത്മാവിനും കൂനുബാധിച്ച മനുഷ്യരുടെ പ്രതീകമായ ഈ സ്ത്രീ ഭൂമിയിലേക്കു മാത്രം നോക്കി ദൈവത്തിലേക്ക് നോക്കുവാൻ സാധിക്കാത്ത ബലഹീനസ്വഭാവത്തെ കാണിക്കുന്നു.

സംഘാലയത്തിൽ പ്രാർത്ഥിക്കുമ്പോഴും ദൈവത്തിലേക്ക് ദൃഷ്ടിപതിപ്പിക്കുവാൻ സാധിക്കാത്ത അവസ്ഥ ഇന്ന് നമ്മുടെ ആരാധനയിൽ നാമും അനുഭവിക്കുന്ന ഒരു വെല്ലുവിളിയാണ്. വി. കുർബ്ബാനയിൽ പുരോഹിതന്റെ ആഹ്വാനമനുസരിച്ച് "ഞങ്ങളുടെ ബോധങ്ങളും, വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ഇരിക്കുന്നു." എന്നു പറയുമ്പോഴും നമ്മൾ ലൗകിക ചിന്തകളിൽ മുഴുകി കിടക്കുന്നു എന്നതാണ് സത്യം. ഈ ലൗകിക ചിന്തകൾ ആരാധനകളിലും പ്രാർത്ഥനകളിലും നമ്മുടെ ഏകാഗ്രത നഷ്ടപ്പെടുത്തി നമ്മുടെ ആത്മാവിനും കൂനു ബാധിക്കുമ്പോൾ നമ്മുടെ നോമ്പും, പ്രാർത്ഥനയും, ആരാധനകളും ലൗകിക കാര്യ സാധ്യത്തിനായി മാത്രം പരിണമിക്കുന്നു. ഈ ചിന്തകൾ മാത്രമാകുമ്പോൾ ദൈവത്തിൽനിന്നും നാം ഓരോരുത്തരും അകലുകയാണ്.

എങ്കിലും ആരാധനയിൽ മുടങ്ങാതെ പങ്കെടുക്കുവാൻ ആ സ്ത്രീയ്ക്ക് സാധിച്ചപ്പോൾ അപേക്ഷ കൂടാതെ സുഖപ്പെടുത്തുന്ന ക്രിസ്തുവിനെ ഇവിടെ കാണുകയാണ്. നിത്യവും മുടക്കമില്ലാതെ ആരാധനയിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാം.

പ്രിയമുള്ളവരെ കൂനുള്ള അവസ്ഥയിൽ നിന്നും നിവർന്ന് സ്വർഗ്ഗത്തിലേക്ക് നോക്കുവാൻ ഈ നോമ്പ് നമുക്ക് സഹായമാകട്ടെ.

**സമിയോ ഞായറാഴ്ച ഞായർ**
**(യോഹ. 9:1–41)**

ജന്മനാ കുരുടനായിരുന്ന ഒരു മനുഷ്യനെ ക്രിസ്തു തന്റെ തുപ്പൽകൊണ്ട് മണ്ണു കുഴച്ച് ശീലോഹ കുളത്തിൽ പോയി കഴുകുവാൻ നിർദ്ദേശിക്കുകയും അതു മൂലം കാഴ്ച ലഭിക്കുകയും ചെയ്തതാണ് ധ്യാന വിഷയം.

ആ മനുഷ്യൻ അന്ധനായി ജനിച്ചത് ആരുടെ പാപം മൂലം ആണ് എന്ന് ശിഷ്യന്മാർ ചോദിക്കുമ്പോൾ, എല്ലാരോഗങ്ങളുടെയും മൂലകാരണം പാപം ആണെന്ന പരമ്പരാഗത ചിന്ത ക്രിസ്തുവിനാൽ തിരുത്തപ്പെടുന്നതിനൊപ്പം ദൈവനാമ മഹത്വത്തിനാണ് എന്ന് പഠിപ്പിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും പ്രതിസന്ധികളും രോഗങ്ങളും പ്രയാസങ്ങളും കടന്നുവരുമ്പോൾ ദൈവത്തിന്റെ പ്രവർത്തികൾ നമ്മിൽ വെളിപ്പെടുവാൻ സ്വയം സമർപ്പിക്കുവാൻ നമുക്ക് സാധിക്കണം.

ഇവിടെ തുപ്പൽകൊണ്ട് ചേറ് കുഴച്ച് കണ്ണുകളിൽ പുരട്ടി നീ ശീലോഹ കുളത്തിൽ കഴുകുക എന്ന് പറയുമ്പോൾ ഏദനിൽ വെച്ച് മനുഷ്യനെ സൃഷ്ടിച്ച ദൈവമാണ് താൻ

എന്ന് വെളിപ്പെടുത്തതിനൊപ്പം അന്ധകാരത്തിൽനിന്നും പ്രകാശ അവസ്ഥയിലേക്കുള്ള മാറ്റത്തിനായി സ്വയം ശുദ്ധീകരിക്കുന്ന അനുഭവം നമ്മൾക്ക് ഉണ്ടാകണം എന്ന് ഓർമ്മപ്പെടുത്തുന്നുണ്ട്.

ആത്മീയമായി ഒരു മനുഷ്യൻ ക്രിസ്തുവിനെ എങ്ങനെ തിരിച്ചറിയണമെന്ന് ഈ കുരുടന്റെ അനുഭവം നമുക്ക് വെളിപ്പെടുത്തുന്നു. ആദ്യം ഒരു മനുഷ്യനായിട്ടാണ് അവൻ ക്രിസ്തുവിനെ കാണുന്നത്. രണ്ടാമതായി ഒരു പ്രവാചകനായും മൂന്നാമത് ദൈവപുത്രനായും ക്രിസ്തുവിനെ തിരിച്ചറിയുവാൻ ഈ കുരുടനായിരുന്ന മനുഷ്യനു സാധിക്കുന്നു.

ബുദ്ധിക്കപ്പുറമായി ഹൃദയംകൊണ്ട് ആണ് ദൈവത്തെ തിരിച്ചറിയുന്നത്. ഈ മനുഷ്യന് അതിനു സാധിക്കുന്നുണ്ട്. പരീശന്മാരുടെ ചോദ്യങ്ങൾക്ക് മുമ്പിൽ താൻ തിരിച്ചറിഞ്ഞ യാഥാർത്ഥ്യത്തിൽ നിന്നുമാണ് അവൻ മറുപടി കൊടുക്കുന്നത്. തങ്ങളുടെ സ്വന്തബുദ്ധിയിൽ ദൈവത്തെ അറിയുവാൻ ശ്രമിക്കുന്ന പരീശന്മാർക്ക് ക്രിസ്തുവിനെ തിരിച്ചറിയുവാൻ സാധിക്കാതെ പോകുന്നു.

പ്രിയരെ, കുരുടനായിരുന്ന ആ മനുഷ്യനിൽ വന്ന മാറ്റം മൂലം അയൽവാസികൾക്കുപോലും അവനെ തിരിച്ചറിയുവാൻ പ്രയാസമായി. അവനിൽ ഒരു വലിയ മാറ്റം ഉണ്ടായി. അവന് കാഴ്ച ലഭിച്ചു. ഈ നോമ്പിന്റെ നാളിൽ ഇപ്രകാരം ഒരു മാറ്റം നമ്മൾക്കും ഉണ്ടാകണം. അനുതാപത്തിലൂടെ ഒരു വലിയ മാറ്റം ഉണ്ടായി, ഒരു പുതിയ മനുഷ്യനായി ദൈവിക പ്രകാശത്തിൽ നിലനിൽക്കുവാൻ ദൈവം നമ്മോടും കൃപ ചെയ്യട്ടെ.

## ഊശാന ഞായറാഴ്ച
## (വി. യോഹന്നാൻ 12:12-19)

നമ്മുടെ കർത്താവായ യേശുമിശിഹ തന്റെ ഉപദേശങ്ങളെയും അത്ഭുതങ്ങളെയും പൂർത്തീകരിച്ചതിന്റെ ശേഷം ദാവീദിന്റെ പട്ടണമായ ഊർശ്ലേമിലേക്കും ദൈവാശ്രയത്തിലേക്കും തന്റെ പിതാവിന്റെ മഹത്വത്തോടെ പ്രവേശിക്കുകയാണ്. ഏറ്റവും വിനയത്തോടെയും സന്തോഷത്തോടും കൂടിയാണ് ക്രിസ്തു വരുന്നത്.

ഇസ്രയേൽക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ രാജാവ് ദൈവം തന്നെയായിരുന്നു. ന്യായാധിപന്മാരും രാജാക്കന്മാരും ദൈവത്തിന്റെ പ്രതിനിധികൾ മാത്രമായിരുന്നു. അന്നത്തെ രാഷ്ട്രീയ പശ്ചാത്തലത്തിൽ റോമാനുകത്തിൽ നിന്നുള്ള വീണ്ടെടുപ്പിനായി ആഗ്രഹിച്ചിരുന്ന യിസ്രയേൽ ജനത്തിന്റെ അടുക്കലേക്ക് തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ ദൈവരാജ്യത്തിന്റെ അവകാശത്തിലേക്കും സാത്താന്റെ അടിമത്വത്തിൽനിന്നും തങ്ങളെ മോചിപ്പിക്കുവാൻ കടന്നുവന്ന യഥാർത്ഥ രാജാവായ മ്ശിഹായെ തിരിച്ചറിയാതെ പോവുകയാണ്. യോഹന്നാൻ 1:11 ൽ പറയുന്നതുപോലെ താൻ തന്റെ സ്വന്ത ജനത്തിലേക്ക് വന്നു. തന്റെ സ്വന്തമോ തന്നെ അറിഞ്ഞില്ല. മ്ശിഹായുടെ ഈ വലിയ വരവിനായി രാപകൽ ആ ജനത്തെ പ്രാർത്ഥിച്ചപ്പോഴും അവരുടെ അഹംഭാവവും അസൂയയും വിദ്വേഷവും ജനത്തിന്റെ നേതാക്കന്മാരും അന്ധരാക്കുന്നു.

ലൗകിക രാജാക്കന്മാർ പ്രതാപത്തോടും വലിയ ആഡംബരത്തോടും കടന്നു വരുമ്പോൾ, സാത്താൻ മൂലം മനുഷ്യനിൽ ഉണ്ടായ അഹംഭാവത്തെയും അഹങ്കാരത്തെയും താഴ്ത്തുവാൻ രാജാക്കന്മാരുടെ വാഹനങ്ങൾക്കു പകരമായി കഴുതയെയും ആയുധങ്ങൾക്ക് പകരം വൃക്ഷങ്ങളുടെ കൊമ്പിനെയും ഊശാന പാടി പുകഴ്ത്തുവാൻ തക്കവണ്ണം ശിശുക്കളുടെ നാവുകളെയും തന്റെ വചനം മൂലം സന്നദ്ധമാക്കുമ്പോൾ, ക്രിസ്തു സമാധാനത്തിന്റെ മാർഗ്ഗം തുറക്കുകയും വിനയം പഠിപ്പിക്കുകയും ചെയ്യുകയാണ്.

താൻ ദൈവാലയത്തിൽ പ്രവേശിച്ച്, അതിനുള്ളിൽ ചെന്ന് വിൽക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കി. "എന്റെ ആലയം പ്രാർത്ഥനാലയം ആകുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർക്കുകയാണ്." എന്ന് പറഞ്ഞു ഇന്ന് ഏറെ കാലിക പ്രാധാന്യമുള്ള പ്രസ്താവനയാണ് ഇത്. ആത്മീയത കച്ചവടപ്രാധാന്യമുള്ളതും വ്യക്തി താത്പര്യങ്ങൾക്കുവേണ്ടിയും ഉപയോഗിക്കപ്പെടുമ്പോൾ മനുഷ്യരുടെ ബലഹീനതകളും ദു:ഖങ്ങളും ആത്മീയ പരിവേഷം ചാർത്തി മുതലെടുക്കപ്പെടുന്ന അനേകം ആലയങ്ങൾ മുളച്ചു പൊങ്ങുമ്പോൾ, ഒരു ആത്മീയ ശുദ്ധീകരണം ഈ നോമ്പുകാലത്ത് അനിവാര്യമാണ്.

പ്രിയരെ, നമ്മുടെ രാജാവും കർത്താവുമായ യേശുമ്ശിഹായെ ലോകത്തിലും സഭയിലും നമ്മുടെ ഹൃദയങ്ങളിലും സ്വീകരിക്കുവാൻ ഈ നോമ്പിന്റെ നാളുകളിൽ ക്രിസ്തുയെരുശലേം ദൈവാലയം ശുദ്ധീകരിച്ചതുപോലെ ഹൃദയങ്ങളെ ശുദ്ധീകരിച്ച്, സുകൃത നടപടികളാകുന്ന കൊമ്പുകൾ ഉയർത്തി കർത്താവിന്റെ നാമത്തിൽ വരുന്നവന് ഊശാന പാടി ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ നമുക്കും സാധിക്കട്ടെ. ●

**Malankara Syrian Knanaya Archdiocese**
**Mor Ephraim Seminary**
**Chingavanam, Ph: 0481-2430327**
**QUOTATION**

Inviting quotation for constructing Association Hall Extension Approx 1000 sqft. Documents related to the quotations will available from Samudayam Office 15-03-2022 onwards. Cost of tender form Rs. 2000/-. A Demand Draft should be drawn in the name of Malankara Syrian Knanaya Samudayam as EMD of Rs. 25000/-.

Last date of Submission 05-04-2022
**Samudaya Trustee**

**NAZARETH ASRAMAM, OTHERA**
**Ph: No. 0469-2656416, 2657347**
**01-01-2022 to 26--2-2022**

**Donations**


| | |
|---|---|
| A Well wisher Bangalore | 10000/- |
| A Well wisher | 15000/- |
| Gracey Punnoose Karukaparambil Veliyanade | 25000 |
| Raju Abraham Kathanasseril Mannamaruthy | 20000 |

**Fr. Mathew Uthuppan Cherukarethe**
**Secretary/Director**

# പൗരാണിക അപ്പോസ്തോലിക സഭാ വിശ്വാസത്തെ ത്യജിച്ച് നവീകരണ പ്രസ്ഥാനങ്ങളിലേക്ക് തിരിയുന്നതിലെ അർത്ഥശൂന്യത

ER. റ്റി.എം. തോമസ്, കൊച്ചുപുരയ്ക്കൽ തുണ്ടിയിൽ, കല്ലിശ്ശേരി

ലോകത്തിലാകമാനമായി ഉള്ള ക്രൈസ്തവരിലേക്ക് നോക്കിയാൽ വത്തിക്കാനിലെ പോപ്പിന്റെ അധീനതയിലുള്ള 23 റീത്തുകളിലുള്ള 120 കോടി കത്തോലിക്കരുടെയും മദ്ധ്യപൂർവ്വേഷ്യയിലുള്ള 21 പാത്രിയർക്കീസന്മാരുടെ അധീനതയിലുള്ള 30 കോടി ഓർത്തഡോക്സ് സുറിയാനിക്കാരുടെയും, ലോകത്തിലാകമാനമായി വ്യാപിച്ചു കിടക്കുന്ന 500–ൽ പരം പ്രൊട്ടസ്റ്റൻഡുസഭകളിലുള്ള 70 കോടി വിശ്വാസികളുടെയും മുഖ്യമായ അടിസ്ഥാനം കർത്താവായ യേശുക്രിസ്തുവും പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രിയേക ദൈവവുമാണല്ലോ. എല്ലാ ക്രിസ്തീയ വിശ്വാസികളുടെയും അന്തിമ ലക്ഷ്യം മരണാനന്തരം നിത്യതയിൽ കർത്താവായ യേശുക്രിസ്തുവിനോട് ചേർന്ന് വാഴുക എന്നതാണ്. എല്ലാ നദികളും, പുഴകളും, തോടുകളും പലവഴികളിൽ കൂടി ഒഴുകി അന്ത്യത്തിൽ കടലിൽ പതിക്കുന്നതുപോലെ എല്ലാ ക്രിസ്തീയ സഭകളുടെയും കൂട്ടായ്മകളുടേയും സംഘടനകളുടെയും ലക്ഷ്യം നിത്യതയിൽ കർത്താവിങ്കൽ എത്തുക എന്നതാണല്ലോ. ഒന്നിൽനിന്നുംമാറി മറ്റൊന്നിലേക്ക് മാറിയാലും അന്ത്യലക്ഷ്യം ഒന്നുതന്നെയല്ലേ? ലോകാരംഭത്തിനു മുമ്പു തന്നെ അമ്മയുടെ ഗർഭത്തിൽ വച്ചു തന്നെ നിന്നെ കണ്ടിരുന്ന ദൈവം അറിയാതെയല്ലല്ലോ നാം ഓരോരുത്തരും ഓരോ മാതാപിതാക്കളിൽ കൂടി ഓരോ സഭകളിൽ ജനിക്കുന്നത്. അപ്പോൾ പിന്നെ യേശുക്രിസ്തു തന്നെ അടിസ്ഥാനശിലയായുള്ള പൗരാണിക സഭയിൽനിന്നും ക്രിസ്തു തന്നെ അടിസ്ഥാന ശിലയാകുന്ന നവീന കൂട്ടായ്മകളിലേക്ക് വഴി തിരിഞ്ഞു പോകുന്നതിന്റെ ഔചിത്യം എന്താണ്? അതിനു പറയുന്ന ഒരു കാരണം പൗരാണിക സഭകളിൽ സുവിശേഷ പ്രഘോഷണം കുറവാണന്നോ, ഇല്ലെന്നോ ഒക്കെയാണ്. അങ്ങനെയെങ്കിൽ നിൽക്കുന്ന സഭയിൽ നിന്നുകൊണ്ടുതന്നെ എന്തുകൊണ്ട് സുവിശേഷവേല ചെയ്തു കൂടാ. അതിനുവേണ്ടി പെന്തക്കോസ്തു കൂട്ടായ്മയിലേക്കോ അതുപോലെയുള്ള മറ്റു സംഘടനകളിലേക്കോ തിരിയേണ്ട ആവശ്യമുണ്ടോ? നമ്മുടെ ചുറ്റുപാടുകളിൽ തന്നെ നിൽക്കുന്ന സഭയിൽ തന്നെ നിന്നുകൊണ്ട് വിശാലമായ രീതിയിൽ സുവിശേഷവേല ചെയ്യുന്ന അനേകം വ്യക്തികളും സംഘടനകളും ഉണ്ടല്ലോ. ഉദാഹരണമായി ആയിരക്കണക്കിനു സുവിശേഷകരെ അയച്ചു വടക്കേ ഇൻഡ്യയുടെ ഗ്രാമപ്രദേശങ്ങളിൽ സുവിശേഷ വേല ചെയ്യുന്നവരായ തിരുവല്ല നവജീവോദയത്തിലെ മിഷൻസ് ഇൻഡ്യയുടെ ശ്രീ. ജോർജ്ജ് ചെറിയാൻ, ഡോ. ജോർജ്ജ് സാമുവേൽ, ഇൻഡ്യയിൽ എല്ലാം സംസ്ഥാനങ്ങളിലും ഉന്നതമായ നിലയിൽ പ്രവർത്തിക്കുന്ന വിശ്വവാണിയിലെ പ്രവർത്തകർ, മറ്റനേകം സംഘടനകൾ, കത്തോലിക്കരൂപതകൾ സഭ മാറിയാൽ സ്വർഗ്ഗം ലഭിക്കുമെന്ന് എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? അപ്പോൾ പിന്നെ വി. ശ്ലീഹന്മാരാൽ സ്ഥാപിതമായ പൗരാണിക സഭകളിൽ വി. അപ്പോസ്തോലന്മാർ പകർന്നു തന്ന വിശ്വാസത്തിൽ നിന്നുകൊണ്ടു തന്നെ സുവിശേഷ വേല ചെയ്താൽ പോരെ? ഈ സത്യം മനസ്സിലാക്കി നവീന പ്രസ്ഥാനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് പൗരാണിക സഭകളിലേക്കു അനേകർ തിരികെ വരുന്നതും നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ? ഉദാ. ഷിബു പീടിയേക്കൽ, സജിത്ത്, ഡോ. ചെറി ചെങ്ങന്നൂർ അങ്ങനെ അനേകർ. നവീകരണ കൂട്ടായ്മകളിലേക്കും, സംഘടനകളിലേക്കും ചേക്കേറിയവർ അപ്പോസ്തോലന്മാർ സ്ഥാപിച്ച പൗരാണിക സഭകളിലേക്കു മടങ്ങി വന്നു സുവിശേഷ വേലകളിൽ വ്യാപൃതരാകുവാൻ പരിശുദ്ധാത്മാവ് ഇടപെടട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.






# ശിശു സ്നാനമോ, മുതിർന്ന സ്നാനമോ ഏതാണു ശരി?




*തുടർച്ച...*

ശിശുക്കൾക്ക് സ്നാനം നൽകിയതായോ അവരെ സ്നാനത്തിൽ നിന്നു മാറ്റി നിർത്തിയതായോ ഒരു പരാമർശം ബൈബിളിലില്ല. എന്നാൽ ആദിമ സഭയിൽ കുടുംബമായി പലരും സ്നാനം സ്വീകരിച്ചതായി പറയുന്നതിനാൽ അതിൽ ശിശുക്കളും ഉൾപ്പെട്ടിട്ടുണ്ട് എന്ന് മനസ്സിലാക്കാം. കാരാഗൃഹ പ്രമാണിയും കുടുംബവും, ലൂദിയായും കുടുംബവും (അപ്പോ–16:33, 14–15) ഒക്കെ അതിന് ഉദാഹരണങ്ങളാണ്. വി. പത്രോസ് ശ്ലീഹാ പെന്തിക്കോസ്തിപ്പെരുന്നാളിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞു. "ഈ വാഗ്ദത്വം നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും, വിദൂരസ്ഥർക്കും നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുക്കലേക്കു വിളിക്കുന്ന എല്ലാവർക്കും ഉള്ളതാണ് (അപ്പോ–2:38–39). "എല്ലാവരും" എന്നും "സന്താനങ്ങൾ" എന്നും പറയുന്നതിനാൽ അതിൽ ശിശുക്കളും ഉൾപ്പെടും എന്നും വ്യക്തം.

പെന്തിക്കോസ്തി ദിവസത്തിലെ വി. പത്രോസ് ശ്ലീഹായുടെ പ്രസംഗത്തിൽ മൂവായിരം പേർ സ്നാനപ്പെട്ടു എന്നു പറയുമ്പോൾ അവരെല്ലാവരും ക്രിസ്തുവിനേക്കുറിച്ച് പൂർണ്ണമായി മനസ്സിലാക്കി സ്നാനപ്പെട്ടു എന്നു പറയാനാവുമോ? ഒരിക്കലുമില്ല; സ്നാനശേഷം അപ്പോസ്തോലന്മാരുടെ പഠിപ്പിക്കലുകളിലൂടെയാവണം അവർ ക്രിസ്തുവിനെ പൂർണ്ണമായി മനസ്സിലാക്കിയത്. മുതിർന്നശേഷമേ സ്നാനം നൽകാവൂ എന്നു പറഞ്ഞാൽ സത്യവിശ്വാസികളുടെ മക്കളെ അവർ പ്രായപൂർത്തി ആകുന്നതുവരെ അവിശ്വാസികളായി വളർത്തണം എന്നു പറയുന്നതു ശരിയാണോ? ദൈവരാജ്യത്തിനവകാശികളായവരുടെ മക്കളെ ദൈവരാജ്യത്തിന് പുറത്തു നിർത്തണമോ? കർത്താവു നിക്കോദീമോസിനോടു പറഞ്ഞു "വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യത്തിൽ പ്രവേശിക്കാനാവില്ല (യോഹ. 3:5). അപ്പോൾ ജലസ്നാനത്തിലൂടെ വീണ്ടും ജനിക്കാതെ മരിക്കുന്ന ഒരുവൻ ദൈവരാജ്യത്തിനു പുറത്താകില്ലേ? കർത്താവു പറഞ്ഞു "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരിശന്മാരുമായുള്ളോരേ നിങ്ങൾക്കു ഹാ കഷ്ടം. നിങ്ങൾ മനുഷ്യർക്കു സ്വർഗരാജ്യം അടച്ചു കളയുന്നു. നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടക്കാൻ സമ്മതിക്കുന്നുമില്ല" (മത്താ. 23:13).

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് പ്രായപരിധി നിർണ്ണയിക്കുവാൻ ആർക്കെങ്കിലും അധികാരമുണ്ടോ? പരി. മറിയത്തിന്റെ വന്ദന സ്വരം കേട്ടപ്പോൾ ഏലിസബേത്തിന്റെ ഉദരത്തിലെ പ്രജ സന്തോഷം കൊണ്ട് തുള്ളിച്ചാടുകയും ഏലിസബേത്തും പരിശുദ്ധാത്മാവിനാൽ നിറയുകയും ചെയ്തു (ലൂക്കോ. 1:41). പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് പ്രായപരിധി ഇല്ലാത്തതുപോലെ സ്നാനം സ്വീകരിക്കുവാൻ പ്രായപരിധി കർത്താവോ ശ്ലീഹന്മാരോ കല്പിച്ചിട്ടില്ല. തന്റെ അടുത്തുവന്ന ശിശുക്കളെ കൈവച്ച് അനുഗ്രഹിച്ച് ദൈവരാജ്യം ശിശുക്കളെപ്പോലെയുള്ളവരുടേതാണെന്ന് കർത്താവ് പഠിപ്പിച്ചു (മത്താ–19:13–15, മർക്കോ–10:13–16, മത്തായി 18: 14).

ശിശുക്കളെ സ്നാനപ്പെടുത്തുമ്പോൾ മുതിർന്ന ഒരു വിശ്വാസി അവർക്കുവേണ്ടി വിശ്വാസം ഏറ്റു പറയുന്നതു ശരിയാണോ എന്ന് ചോദിക്കുന്നവരുണ്ട്. ഒരാൾക്കുവേണ്ടി മറ്റൊരാൾ വിശ്വാസം ഏറ്റുപറഞ്ഞാൽ ദൈവാനുഗ്രഹം അവർക്കു സമൃദ്ധിയായി ലഭിക്കുന്നു എന്ന് ചില സംഭവങ്ങൾ വെളിവാക്കുന്നു. ഉദാഹരണമായി "ശതാധിപന്റെ വിശ്വാസത്താൽ അവന്റെ മകനു സൗഖ്യം ലഭിച്ചു (മത്താ–8:5–13). പക്ഷവാത രോഗിയെ ചുമന്നുകൊണ്ടുവന്നവരുടെ വിശ്വാസത്താൽ ആ രോഗിക്കു സൗഖ്യം ലഭിച്ചു (മർക്കോ– 2:1–12). യായിറോസിന്റെ വിശ്വാസത്താൽ മരിച്ച അവന്റെ മകൾ ഉയർത്ത് എഴുന്നേറ്റു (മർക്കോ– 5:22–24). കാനാൻകാരിയുടെ വിശ്വാസത്താൽ അവളുടെ മകൾക്ക് സൗഖ്യം ലഭിച്ചു (മത്താ–15:21–31). ചുങ്കക്കാരനായ സഖായിയുടെ വിശ്വാസത്താൽ അവന്റെ ഭവനം രക്ഷിക്കപ്പെട്ടു (ലൂക്ക–19: 1–10). വിജാതീയനായ കൊർന്നല്യോസിന്റെ വിശ്വാസത്താൽ അവന്റെ ഭവനം രക്ഷിക്കപ്പെട്ടു (അപ്പോ–10: ). അങ്ങനെയെങ്കിൽ ഒരു ശിശുവിനു വേണ്ടി ഒരു മുതിർന്ന വിശ്വാസി വിശ്വാസം ഏറ്റുപറഞ്ഞാൽ അതിന്റെ അനുഗ്രഹം ആ ശിശുവിനും ലഭിക്കും.

ചുരുക്കത്തിൽ മുതിർന്ന സ്നാനമോ, ശിശുസ്നാനമോ ഏതാണു ശരി എന്ന് ചോദിച്ചാൽ രണ്ടും ശരിയാണ്. വിശ്വാസികളുടെ മക്കൾക്ക് ശൈശവ പ്രായത്തിൽ സ്നാനം നൽകാം. കാരണം അവന്റെ മാതാപിതാക്കൾ വിശ്വാസികളാണ്. അവർ ആ കുഞ്ഞിനുവേണ്ടി വിശ്വാസം ഏറ്റു പറഞ്ഞ് അവനെ സത്യവിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുന്നു. എന്നാൽ വിജാതീയനായിരിക്കുന്ന ഒരുവൻ സഭയിൽ ചേരാൻ ആഗ്രഹിച്ചാൽ അവൻ വളരുന്ന പ്രായത്തിൽ സ്നാനം നൽകുന്നു. ഏതു പ്രായത്തിൽ സ്നാനം സ്വീകരിച്ചു എന്നതല്ല പ്രശ്നം– സ്വീകരിച്ച ആത്മാവിൽ വളരാനും ജീവിക്കാനും സാധിക്കുന്നുണ്ടോ എന്നാണ് ചിന്തിക്കേണ്ടത്. ആയതിനാൽ ഈ വിഷയത്തിൽ ഒരു തർക്കത്തിന് യാതൊരു പ്രസക്തിയുമില്ല.

## 37th year of Demise
21-02-1985

## 2nd year of Demise
27-03-2020





**T. Thomas (Rajan)**

**Pennamma Rajan**

**Thamarappallyl, Ranny**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Sorrowing Family

Advt - O

## 4 – ാം ചരമവാർഷികം
4-03-2022



**അച്ചാമ്മ മാത്യു**

മുണ്ടപ്ലാക്കൽ, പുതുശ്ശേരിമല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 10 – ാം ചരമവാർഷികം
10-03-2022



**കുഞ്ഞൂഞ്ഞമ്മ പുന്നൂസ്**

പനച്ചമൂട്ടിൽ, മാന്നാർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## ഉറുമ്പിക്കുന്നേൽ കുടുംബം





**സ്കറിയാ മാത്യു**

**അന്നമ്മ മാത്യു**

തുരുത്തിക്കാട്

4 – ാം ചരമവാർഷികം
17/03/2022

9 – ാം ചരമവാർഷികം
3/03/2022

"ഞങ്ങൾ നിങ്ങളിൽ നിന്നും അകന്നുപോയിട്ടില്ല
ഞങ്ങളുടെ സ്നേഹവും കരുതലും എന്നും
നിങ്ങളോടു കൂടെ ഉണ്ടായിരിക്കും"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 40 – ാം ചരമദിനം

**04- 03- 2022**

# E.T. Mathew

## (Rtd. Supt. of Police)

Edavazhikkal, Ernakulam

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

**Inserted By-**
Betty, Nikhil, Teenu,
Irene & Family Members

Advt -O

## 6 – ാം ചരമവാർഷികം

**26 – 03 – 2022**



# അന്നമ്മ ഇസ്രായേൽ

## വേലുകിഴക്കേതിൽ, കുറ്റൂർ, തിരുവല്ല

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## ഒന്നാം ചരമവാർഷികം

**12 – 04 – 2022**



# മറിയാമ്മ തോമസ് (മോളി)

## കൊടിഞ്ഞൂർ, തോട്ടപ്പുഴ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*ഭർത്താവ്– കെ.ജെ. തോമസ് (കുഞ്ഞൂഞ്ഞുകുട്ടി)*
*മക്കൾ– എബി, സിബി, സിലി*
*മരുമക്കൾ–ബിജു, ജൂലി, ജോബി*

Advt -O



## 5th Death Anniversary
30-3-2022

25-03-1938 - 30-03-2017

# E.T. ABRAHAM (Avarachen)

Ezhumayil, Chingavanam

**Sorrowing Family**
Valsa Abraham
Dr Manoj, Dr Sina, Irene & Abigail
Dr Manju, Santhosh, Lydia & Asher

Advt -O

## 7 – ാം ചരമ വാർഷികം
25–03–2022



# റ്റി. സി. ജോയി

തോട്ടുങ്കൽ, കുന്നങ്കേരി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 31th Death Anniversary
24-3-2022



# Rev. Fr. K. I. ABRAHAM COR-EPISCOPA

Kizhakkemuriyil, Aythala
Ranni

By Sorrowing Family

Advt - O

## ഒന്നാം ചരമവാർഷികം
01-03-2022

## 16-ാം ചരമവാർഷികം
21-12-2021





## അമ്മിണി തോമസ്

## സിനി തോമസ്

ചേമ്പിലേട്ട്, വള്ളംകുളം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40-ാം ചരമദിനം
05-03-2022



## ഏലിക്കുട്ടി ഏബ്രഹാം (82)

കടപ്പനങ്ങാട്ട്, ഇരവിപേരൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 25-ാം ചരമവാർഷികം
13-03-2022



## കെ.സി. ഏബ്രഹാം (അവറാച്ചൻ)

കടവിൽ, പുല്ലരിക്കുന്ന്, കോട്ടയം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

## 3-ാം ചരമവാർഷികം
15-03-2022




## വത്സമ്മ ബെനിൻ

കണ്ണാട്ടിപ്പുഴയിൽ, തെങ്ങേലി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*ഭർത്താവ്- ബെനിൻ കുറിയാക്കോസ്*
*മക്കൾ- ജോബിൻസ്, ജിബിൻസ്*

Advt - O



## 40 – ാം ചരമദിനം

**27 – 03 – 2022**

## റവ. ഫാ. ഒ. പി. തോമസ് (67)

**പാറാനിക്കൽ**

**മടത്തമൺ (നിലമ്പൂർ)**

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 27 – ാം ചരമവാർഷികം

**9- 03 -2022**

## 3 – ാം ചരമവാർഷികം

**1- 03 -2022**



## സ്കറിയ സ്കറിയ
(കറിയാക്കുട്ടി)

## അമ്മിണി സ്കറിയ

**മണിമലപാറയിൽ, ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ

## 3-ാം ചരമ വാർഷികം

23-03-2019 08-05-2019







### J.JOSEPH AMPURAN & PENNAMMA JOSEPH

ULLAPPALLIL, KOTTAYAM

"കരുണ നിറഞ്ഞവനെ
പുനരുത്ഥാനത്തിൽ നിന്നുടെ
സൃഷ്ടിയെ നീ പുതുതാക്കിടണമെ"

പ്രാർത്ഥനയോടെ: മക്കൾ ,
മരുമക്കൾ , കൊച്ചുമക്കൾ

Advt - O

## 13 – ാം ചരമവാർഷികം

17 – 03 – 2022



### K.P. Jacob (Sabu)

കാരിക്കൊമ്പിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## രണ്ടാം ചരമവാർഷികം

28 – 3 – 2022



### അമ്മാൾ ഏബ്രഹാം

## 20 – ാം ചരമവാർഷികം

7 – 3 – 2022



### മെൽവിൻ ഏബ്രഹാം

എരുത്തിപ്പാട്ട്, ഇരവിപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



**4 – ാം ചരമവാർഷികം**

31 – 03 – 2022

# കുഞ്ഞൂഞ്ഞമ്മ
# കളത്തിൽ

## മാധവൻപടി, കോട്ടയം

Advt - R

സ്നേഹസ്മരണകളോടെ,
ഭർത്താവ് : തോമസ് തോമസ് (തോമസ് കുട്ടി)
മക്കൾ : ഷാജി തോമസ്, ഷിജു തോമസ്, ഷെറിൻ തോമസ്
മരുമക്കൾ : നിഷാ, ജസീനാ, അൻസു
കൊച്ചുമക്കൾ : ലിയാ, ലിവിയാ, ക്രിസ്റ്റാ, അച്ചു, ഹന്ന

---

**40 – ാം ചരമദിനം**

02 – 04 – 2022

**രണ്ടാം ചരമവാർഷികം**

28 – 4 – 2022



## കുര്യൻ ജോസഫ്

( Rtd. Income Tax Income Inspector.)

## റ്റി. സി. ശോശാമ്മ

(സൂനാമ്മ ടീച്ചർ)

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"


**മങ്ങാട്ട് ക്ലിഫ് ഹൗസ്**
**എസ്. പുരം, കുറിച്ചി.**

*മക്കൾ: ജോസഫ്, ജേക്കബ്, ഷൈല, മാർഗരറ്റ്*
*മരുമക്കൾ: ജയ, ജയകുമാർ, രാജൻ*
*കൊച്ചുമക്കൾ: നിതിൻ, നൂവിൻ, മെറിൻ, ചിന്നു*

Advt - O

9th Death Anniversary
05-07-2022

1st Death Anniversary
11-03-2022



**Aleyamma Abraham (Aleykutty)**

**P.A. Abraham (Avarachan)**

**Pazhayattu, Aythala, Ranny**


"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"


Fondly remembered by Sorrowing Family

Advt - O

9 - ാം ചരമവാർഷികം
25-3-2022

25 - ാം ചരമവാർഷികം
19-1-2022





**Abraham Pappen**

**M. P. Raju**

**Mepparathu, Blockpadi, Ranny**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

8 - ാം ചരമവാർഷികം
22-3-2022



**കെ. ഒ. ജോസഫ് (ബേബി)**

കടക്കേത്ത്, മന്ദമരുതി,
റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

7 - ാം ചരമവാർഷികം
25-3-2022



**കെ. ഒ. സഖറിയ (കറിയാച്ചൻ)**

കടക്കേത്ത്, തോട്ടമൺ,
റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

# 1 – ാം ചരമവാർഷികം

## 18 – 03 – 2022



# മാർ യാക്കോബ് ബുർദ്ദാന

# കമാണ്ടർ സ്കറിയ തോമസ് Ex. MP

## (മുൻ സമുദായ ട്രസ്റ്റി)

## കളത്തിൽ, കോട്ടയം

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# 3 –ാം ചരമവാർഷികം

4 – 4 – 2022



## ചിന്നമ്മ മാത്യു

പള്ളിയമ്പിൽ, പടിഞ്ഞാറ്റോതറ

തിരുവല്ല

POABS
GOODNESS IS LIFE

Advt - S

## 1 – ാം ചരമവാർഷികം
8 – 03 – 2022



# ലിസ്സി തമ്പി

**പുലയകുന്നിൽ, ഇരവിപേരൂർ, നെല്ലാട്**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

ഭർത്താവ്– പി. എം. തമ്പി
മക്കൾ– സിജു, ഷിജു, മജു
മരുമക്കൾ – സ്മിത, ഷെറിൻ, റിനു
കൊച്ചുമക്കൾ

Advt -S

## 14 – ാം ചരമവാർഷികം
07 – 03 – 2022



# മാത്തൻ ഏബ്രഹാം (പാപ്പച്ചൻ)

**കടയ്ക്കേത്ത് പുന്നമൂട്ടിൽ, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*ഭാര്യ അന്നമ്മ ഏബ്രഹാം*
*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, കൊച്ചുകൊച്ചുമക്കൾ*

Advt -S

## 6 – ാം ചരമവാർഷികം
28 – 3 – 2022



# ചിന്നമ്മ ഏബ്രഹാം

**കല്ലുകുഴിയിൽ, കവിയൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 16 – ാം ചരമവാർഷികം
17 – 3 – 2022



# മാത്യു അലക്സാണ്ടർ

**മണ്ണാട്ടുകോയിപ്പുറത്തുപറമ്പിൽ, ഇരവിപേരൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## വേർപാടിന്റെ 4 – ാം വാർഷികം

8 – 02 – 2022



Advt -S

# K.I.Thomas (Babu)

(Deputy Commandant (Retd)-BSF)

**Perumkannaril, Pavukkara, Mannar**

Inserted by
Wife and Children

## 40 – ാം ചരമദിനം

25 – 03 – 2022



Advt - O

# ഫിലിപ്പ് പോത്തൻ (മണിയൻ)


തുണ്ടിയിൽ, വെള്ളുത്തുരുത്തി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

17 – 03 – 2022



Advt -S

# ബേബി വി. എം.

വെളിയത്ത് വീട്, മഴുക്കീർ

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

05 – 04 – 2022



Advt -S

# തങ്കമ്മ പുന്നൻ

കാവുങ്കൽ, അങ്ങാടി, റാന്നി

"ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു.
ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു."
2 തിമൊഥെയോസ് 4: 7,8

"നിത്യതയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*




# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. ആദ്യ ഭൂമിയിൽ വെള്ളത്തിൻമീതെ പരി വർത്തിച്ചുകൊണ്ടിരിക്കുന്നതെന്ത്?
2. നല്ലത് എന്നു ദൈവം കണ്ട ആദ്യ പ്രതിഭാസം എന്ത്?
3. സൃഷ്ടി ചരിത്രത്തിൽ ഉണങ്ങിയ നിലത്തിനു ദൈവം നൽകിയ പേരെന്ത്?
4. സൃഷ്ടി ചരിത്രത്തിൽ വെള്ളത്തിന്റെ കൂട്ടത്തിനു നൽകിയ പേരെന്ത്?
5. ഏതു ദിവസമാണ് ദൈവം സൂര്യനെയും ചന്ദ്രനെയും ഉണ്ടാക്കിയത്?
6. ഏതു ദിവസമാണ് ദൈവം സസ്യങ്ങളെ സൃഷ്ടിച്ചത്?
7. സൃഷ്ടി വിവരണത്തിൽ ചന്ദ്രനു നൽകിയ പേരെന്ത്?
8. സൃഷ്ടി ചരിത്രത്തിൽ സൂര്യന് നല്കിയ പേരെന്ത്?
9. ദൈവം ഏതു ദിവസമാണ് ജലജന്തുക്കളെയും പറവ ജാതികളെയും സൃഷ്ടിച്ചത്?
10. ഏതു ദിവസമാണ് ദൈവം മൃഗങ്ങളെയും മനുഷ്യ നെയും സൃഷ്ടിച്ചത്?

**ഫെബ്രുവരി മാസത്തിലെ ഉത്തരങ്ങൾ**

1. പത്തര (അപ്പോ.പ്ര. 21:1)
2. അലരിവൃക്ഷം (സങ്കീ. 137:2)
3. ദന്തഗോപുരം (ഉത്തമഗീതം 7:5)
4. വനഭൂതം (യെശയ്യാവ് 34:14)
5. അഹരോന്റെ തളിർത്ത വടി (സംഖ്യാപുസ്തകം 17:8)
6. സരളവൃക്ഷം (ഉത്തമഗീതം 1:17)
7. മനോഹ (ന്യായാധിപന്മാർ 13:2)
8. മഹേർ-ശാലാൽ ഹാശ്- ബസ്സ് (യെശയ്യാവ് 8:3)
9. മിര്യാം (പുറപ്പാട് 15:20)
10. ഇഷ്ടിക (പുറപ്പാട് (1:14)

ഒരിടത്തൊരു വ്യാപാരി ജീവിച്ചിരുന്നു. ഉപ്പ് വ്യാപാരം നടത്തിയായിരുന്നു അയാൾ നിത്യവൃത്തിക്കുള്ള വക കണ്ടെത്തിയിരുന്നത്. ഈ വ്യാപാരിക്ക് ഒരു കഴുത ഉണ്ടായിരുന്നു. കച്ചവടത്തിനുള്ള ഉപ്പ് കഴുതപ്പുറത്ത് വച്ചായിരുന്നു അയാൾ ചന്തയിൽ എത്തിച്ചിരുന്നത്. കച്ചവടവും കഴിഞ്ഞ് വൈകുന്നേരത്തോടെ കഴുതയുമായി തിരിച്ചു വീട്ടിലേക്കു വരുമായിരുന്നു. ഒരു ചെറിയ നദി കടന്നു വേണമായിരുന്നു അവർക്ക് ചന്തയിലേക്ക് പോകേണ്ടത്.

ഒരു ദിവസം പതിവുപോലെ ഉപ്പ് ചാക്കുമായി വ്യാപാരിയും കഴുതയും ചന്തയിലേക്ക് പുറപ്പെട്ടു. എന്നാൽ നദി കടക്കുന്നതിനിടയിൽ കാൽവഴുതി കഴുത നദിയിൽ വീണു. അധികം ആഴമില്ലാത്ത നദിയായതിനാൽ വലിയ പരുക്കുകൾ ഒന്നുമില്ലാതെ കഴുത രക്ഷപ്പെട്ടു. എന്നാൽ ഉപ്പ് ചാക്ക് വെള്ളത്തിൽ മുങ്ങി. ചാക്ക് മുഴുവൻ വെള്ളം നനയുകയും അതിൽനിന്നും ഒരുപാട് ഉപ്പ് അലിഞ്ഞു പോവുകയും ചെയ്തു. അല്പം വിശ്രമിച്ചതിനുശേഷം അവർ വീണ്ടും യാത്ര തുടങ്ങി. ഉപ്പുചാക്കുംകൊണ്ട് ചന്തയിലേക്ക് തിരിച്ച കഴുതയ്ക്ക് ചാക്കിന് ഭാരം നന്നേ കുറഞ്ഞതായി അനുഭവപ്പെട്ടു.

"ഇതെന്തുപറ്റി? നദിയിൽ ഒന്ന് വീണു എഴുന്നേറ്റപ്പോഴേക്കും ചാക്കിന് നല്ല ഭാരക്കുറവ് ഉണ്ടല്ലോ. അതെന്തായാലും നന്നായി. ഒന്ന് വീണാലെന്ത്. ചാക്കിന്റെ ഭാരം കുറഞ്ഞു കിട്ടിയല്ലോ. "കഴുത ആശ്വസിച്ചു.

അടുത്ത ദിവസം ചന്തയിലേക്കു പോകവേ കഴുത

"ചാക്കിന്റെ ഭാരം കുറഞ്ഞു കിട്ടാനായി ഒന്ന് വീഴുന്നതിൽ തെറ്റില്ല."

എന്നും പറഞ്ഞു മനഃപൂർവ്വം നദിയിൽ വീണു. അതിനുശേഷം ഭാരം കുറഞ്ഞ ചാക്കുമായി സന്തോഷത്തോടെ കഴുത ചന്തയിലേക്ക് പോയി. തുടർന്നുള്ള ദിവസങ്ങളും കഴുത ഇത് ആവർത്തിച്ചുകൊണ്ടിരുന്നു.

"ഇതെന്താണ് കഴുത എന്നും നദിയിൽ വീഴുന്നത്? ഇതു കാരണം ദിവസവും ചാക്കിൽനിന്ന് ഒരുപാട് ഉപ്പ് നഷ്ടമാകുന്നുണ്ടല്ലോ."

വ്യാപാരി തല പുകഞ്ഞ് ആലോചിക്കാൻ തുടങ്ങി.

